# ആമുഖം

ഏറെ സന്തോഷവും സംതൃപ്തിയുമുള്ള ഒരു സന്ദർഭ മാണിത്. മലയാളഭാഷയ്ക്ക് *ശ്രേഷ്ഠഭാഷാപദവി* അനുവദി ക്കപ്പെട്ടതിന്റെ ആഹ്ലാദം നിസ്സീമമാണ്. അതുവഴി ഭാഷയുടെ പോഷണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിക്കുകയുമാണ്. മല യാളഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും മഹ ത്തായ ഈടുവെയ്പ്പുകൾ സംഭാവന ചെയ്ത കേരള സാഹിത്യ അക്കാദമി മലയാളഭാഷയ്ക്ക് ക്ലാസ്സിക് പദവി എന്ന ആശയം മുന്നോട്ടുവെയ്ക്കുകയും അതിനായുള്ള പരി ശ്രമങ്ങളെ സംയോജിപ്പിക്കുകയും ചെയ്തു. അതിലൊന്നാ യിരുന്നു തിരുവനന്തപുരത്തുവെച്ച് നടത്തിയ *വിശ്വമലയാള മഹോത്സവം.*

എഴുത്തിന്റെയും വായനയുടെയും പൊതുമണ്ഡലത്തിൽ പുത്തനുണർവ്വുണ്ടാക്കിയ കർമ്മപരിപാടികളാണ് അക്കാ ദമി ആവിഷ്കരിച്ചു ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നത്. മുഴുവൻ സാഹിത്യകാരന്മാരുടെയും വായനാസ മൂഹത്തിന്റെയും ശ്രദ്ധാകേന്ദ്രമായി അക്കാദമി സ്വന്തം സ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്. എഴുത്തുകാരുടെയും സഹൃദയരുടെയും ആത്മാഭിമാനം സംരക്ഷിക്കാനും ഉയർത്തിപ്പിടിക്കാനും അക്കാദമി സദാ ജാഗരൂകമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സാംസ്കാരികസ്ഥാപനങ്ങളിൽ പ്രമുഖമായ ഒന്നായി അക്കാ ദമി വളർന്നിട്ടുണ്ട്. അക്കാദമിയുടെ സർഗ്ഗസമൃദ്ധമായ ചരി ത്രപാരമ്പര്യം പിൻതുടർന്നുപോകാൻ ഇപ്പോഴത്തെ ഭരണ സമിതി അംഗങ്ങൾ പ്രതിജ്ഞാബദ്ധരും സ്വയംസമർപ്പിത രുമാണ്. അക്കാദമിയുടെ അന്തസ്സിനും ആഭിജാത്യത്തിനും പോറലേൽക്കാതെ അതിന്റെ പ്രവർത്തനം സജീവമായി മുന്നോട്ടുകൊണ്ടുപോകാൻ പിന്നിട്ട ഒരു വർഷത്തിൽ കഴി ഞ്ഞിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്.

അക്കാദമിയുടെ പ്രസിദ്ധീകരണവിഭാഗം ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഗൗരവവും നിലവാരവു മുള്ള ഒട്ടേറെ സാഹിത്യചരിത്രകൃതികളും വൈജ്ഞാ

നികസാഹിത്യകൃതികളും ഗവേഷണപ്രബന്ധങ്ങളും ആകർഷകമായി അച്ചടിക്കുവാനും കേരളമെങ്ങുമുള്ള ലൈബ്രറികളിലും വായനക്കാരിലും എത്തിക്കുവാനും സാധിച്ചത് ധന്യതയാണ്.

അക്കാദമി ലൈബ്രറിയുടെ പ്രവർത്തനത്തിലും അഭൂതപൂർവ്വമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗവേഷകരുടെയും സാഹിത്യവിദ്യാർത്ഥികളുടെയും സാന്നിദ്ധ്യത്താൽ സജീവമാണ് ലൈബ്രറി. വിവിധ സർവ്വകലാശാലകൾ അംഗീകരിച്ച പഠനഗവേഷണകേന്ദ്രമായിട്ടാണ് അക്കാദമി ലൈബ്രറി പ്രവർത്തിക്കുന്നത്. ആധുനികസാങ്കേതികവിദ്യയുടെ സഹായത്താൽ വിവരശേഖരണവിതരണരംഗത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

സാഹിത്യചക്രവാളം, സാഹിത്യലോകം എന്നീ അക്കാദമി ആനുകാലികങ്ങൾ കനപ്പെട്ട ഉള്ളടക്കത്തോടെ പുറത്തിറക്കാനും കൂടുതൽ പ്രചരിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. അക്കാദമിയുടെ ഭാഗമായ അപ്പൻതമ്പുരാൻ സ്മാരകം ഒരു സാഹിത്യകാര മ്യൂസിയം എന്ന നിലയിൽ അർത്ഥവത്തായി പ്രവർത്തിച്ചുവരുന്നു. സ്മാരകത്തിലെ പഴയ ആനുകാലിക -പുസ്തകശേഖരങ്ങൾ സാഹിത്യപഠിതാക്കൾ വൻതോതിൽ പ്രയോജനപ്പെടുത്തുന്നത് ശുഭോദർക്കമാണ്.

വായനശാല-മ്യൂസിയത്തിന്റെ ഡിജിറ്റൈസേഷൻ പ്രവർത്തനം പുരോഗമിക്കുകയാണ്. വൈവിധ്യമാർന്ന ചിന്തകളും വ്യത്യസ്ത നിരീക്ഷണങ്ങളും വേറിട്ട കാഴ്ചപ്പാടുകളും വിഭാവനങ്ങളും സംഗമിക്കുന്ന ഒരു ആശയസംവാദലോകമാണ് നമുക്കാവശ്യം. ക്രിയാത്മകമായ ഒട്ടേറെ ആലോചനകളിലൂടെ, ധൈഷണികലോകത്ത് നവോന്മേഷം സൃഷ്ടിക്കാൻ അക്കാദമി അരങ്ങൊരുക്കും. കൂടുതൽ സഫലമായ സർഗ്ഗാത്മകവിനിമയങ്ങൾക്ക് വേദിയൊരുക്കാൻ കഴിയുമെന്നാണ് അക്കാദമിയുടെ പ്രതീക്ഷ.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി

# ആദരാഞ്ജലി

ഭാഷാ-സാഹിത്യ-സാംസ്കാരികരംഗത്തുനിന്ന് ഏറെ പ്രമുഖർ ഈ കാലയളവിൽ കേരളസമൂഹത്തെ വിട്ടുപിരിഞ്ഞിട്ടുണ്ട്. പി.ഗോവിന്ദപ്പിള്ള, പ്രൊഫ.അമ്പലപ്പുഴ രാമവർമ്മ, സുനിൽ ഗംഗോപാദ്ധ്യായ, പണ്ഡിറ്റ് രവിശങ്കർ, നീൽ ആംസ്ട്രോങ്ങ്, ഡി.വിനയചന്ദ്രൻ, പി.കെ.വേണുക്കുട്ടൻനായർ, എം.സി.നമ്പൂതിരിപ്പാട്, എം.എച്ച്.ശാസ്ത്രികൾ, പ്രൊഫ.മാത്യു താമരക്കാട്ട്, ഏകലവ്യൻ, ടി.വി.അച്യുതവാര്യർ, പ്രൊഫ.കെ.ഗോപാലകൃഷ്ണൻ, സെഡ്.എം.മുഴൂർ, കെ.കെ.പൊന്മേലത്ത്, ഇഗ്നേഷ്യസ് കാക്കനാടൻ, ചേപ്പാട് സോമനാഥൻ, നവോദയ അപ്പച്ചൻ, ചലച്ചിത്രനടി സുകുമാരി, ഡോ.ടി.ഐ.രാധാകൃഷ്ണൻ, കലാമണ്ഡലം രാമൻകുട്ടിനായർ, വി.പി.മനോഹരൻ, കാലടി രാമകൃഷ്ണൻ, സി.ഹരികുമാർ, രാമചന്ദ്രൻ വടക്കേടത്ത്, പി.എ.മേനോൻ, സി.എം.എസ്.ചന്തേര, വെങ്കിടരാജ പുണിഞ്ചിത്തായ, ജയദേവൻ, കെ.യു.അബ്ദുൾഖാദർ, പറക്കോട് എൻ.ആർ.കുറുപ്പ്, പ്രൊഫ.പി.കെ.ജോസ്, ആർ.നാഗപ്പൻനായർ, കെ.കെ.എൻ.നായർ, സാംബശിവൻ മുത്താന, സി.പി.പത്മകുമാർ, കെ.ഒ.ഷംസുദ്ദീൻ, പ്രൊഫ.എൻ.രാമൻനായർ, പ്രൊഫ.കെ.എ.ജലീൽ, ആർ.പ്രകാശം, പ്രൊഫ.കെ.വി.ദേവ്, പി.കെ.രവീന്ദ്രനാഥ്, ടി.എ.ഷാഹിദ്, തോപ്പിൽ രാമചന്ദ്രൻപിള്ള, ശ്രീമന്ദിരം കെ.പി., മണ്ണാലത്ത് ശ്രീധരൻ, പി.ജി.ആന്റണി, എൻ.എം.മോഹൻ, പാലീത്ര നാരായണൻ എന്നിവർ ഭാഷ യ്ക്കും സംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ

## 2012–2013
## (2012ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ)

**ഭാഷാ–എഡിറ്റിംഗ് പ്രൂഫ് പരിശോധന ശില്പശാല** (ഏപ്രിൽ 16, 17)

മലയാളഭാഷയുടെ ശൈലിയിലും വ്യാകരണത്തിലും പ്രാദേശിക ഭേദങ്ങൾക്കപ്പുറം ഏകീകരണം ഉണ്ടാവേണ്ട ആവശ്യകതയെ മുൻനിർത്തി 2012 ഏപ്രിൽ 16, 17 തീയതികളിൽ അക്കാദമിയിൽവെച്ച് ഭാഷ എഡിറ്റിംഗ് പ്രൂഫ് പരിശോധന ശില്പശാല സംഘടിപ്പിച്ചു. അക്കാദമി പ്രസിണ്ട് ശ്രീ. പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷതവഹിച്ചു.

പ്രൊഫ.കെ.പി.ശങ്കരൻ (മലയാളശൈലി), ഡോ.കാവുമ്പായി ബാലകൃഷ്ണൻ (തെറ്റില്ലാത്ത മലയാളം), എം.പി.പരമേശ്വരൻ (ഗവേഷണകൃതികളും പ്രൂഫ് വായനയും), ഡോ.എം.ആർ.തമ്പാൻ (പുസ്തക എഡിറ്റിംഗ് വിഷയാധിഷ്ഠിത സമീപനം) എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്നു നടന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ കാലത്തെ പദനിർമ്മിതിയും വ്യാകരണവും എന്ന സെമിനാറിൽ ഡോ.ഡി.ബെഞ്ചമിൻ, ടി.വി.സുനിത, പ്രൊഫ. ഇ.എസ്.സതീശൻ, കെ.എച്ച്.ഹുസൈൻ, പ്രൊഫ. നെടുമുടി ഹരികുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ മോഡറേറ്ററായി.

രണ്ടാം ദിവസം സി. ഉത്തമക്കുറുപ്പ് (എഡിറ്റിംഗ്–അടിസ്ഥാനതത്ത്വങ്ങൾ), പി.കെ.പാറക്കടവ് (സർഗ്ഗാത്മകരചനകളുടെ എഡിറ്റിംഗ്, കോപ്പി എഡിറ്റിംഗ്), കെ.എം.വേണുഗോപാൽ (സാഹിത്യപത്രപ്രവർത്തനം–എഡിറ്റിംഗ്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി പ്രസിദ്ധീകരിക്കുന്ന *മലയാളശൈലീപുസ്തക*ത്തിന്റെ കരട് അവതരണം അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ നിർവ്വഹിച്ചു. ഡോ.എസ്.കെ. വസന്തൻ, കടാങ്കോട് പ്രഭാകരൻ, കടലായിൽ പരമേശ്വരൻ, കെ.കെ.യതീന്ദ്രൻ, ടി.കെ.അച്യുതൻ, പ്രൊഫ.എം.ഹരിദാസ് എന്നിവർ പ്രതികരണങ്ങൾ അവതരിപ്പിച്ചു. സമാപനസമ്മേളനത്തിൽ ബാലചന്ദ്രൻ വടക്കേടത്ത്, ജോയ് എം.മണ്ണൂർ, ആർ. ഗോപാലകൃഷ്ണൻ, എം.ഡി.രാജേന്ദ്രൻ, ഡോ.അജിതൻ മേനോത്ത് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**തകഴി ജന്മശതാബ്ദിയാഘോഷം** (മെയ് 11, 12)

മലയാളസാഹിത്യത്തെ വിശ്വസാഹിത്യത്തിന്റെ ഉന്നതങ്ങളിലെത്തിച്ച മഹാനായ തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മശതാബ്ദി 2012 മെയ് 11, 12 തീയതികളിൽ ആലപ്പുഴ എസ്.ഡി.വി. സെന്റിനറി ഓഡിറ്റോറിയത്തിൽവെച്ച് ആഘോഷിച്ചു. പ്രശസ്ത ജ്ഞാനപീഠപുരസ്കാരജേതി

മഹാശ്വേതാദേവി ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. ഡോ.കുര്യാസ് കുമ്പളക്കുഴി (പ്രണയത്തിന്റെ തലങ്ങൾ-തകഴിയുടെ രചനകളിൽ), ഡോ.കെ.എസ്. രവികുമാർ (തകഴിയുടെ കഥകൾ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ.ഡി.ബെഞ്ചമിൻ മോഡറേറ്ററായിരുന്നു. ഡോ.അജയപുരം ജ്യോതിഷ്കുമാർ സ്വാഗതവും പ്രമീളാദേവി നന്ദിയും പറഞ്ഞു.

വൈകീട്ട് നടന്ന എഴുത്തനുഭവത്തിൽ *ചെമ്മീൻ-വിവർത്തനാനുഭവം* അനിതാനായർ അവതരിപ്പിച്ചു. എം.ഡി.രാജേന്ദ്രൻ, വിജയകുമാർ കുനിശ്ശേരി, ദേവദത്ത് ജി. പുറക്കാട്ട്, ഡോ.സന്തോഷ് ജെ.കെ.വി. എന്നിവർ സംസാരിച്ചു. തുടർന്ന് സാംസ്കാരികസമ്മേളനം, ഡോക്യുമെന്ററി-ചലച്ചിത്രപ്രദർശനങ്ങൾ എന്നിവ നടന്നു.

രണ്ടാം ദിവസം നടന്ന സെമിനാറിൽ ബാലചന്ദ്രൻ വടക്കേടത്ത് മോഡറേറ്ററായിരുന്നു. പ്രൊഫ.എം.തോമസ് മാത്യു (കയർ), എം.കെ.ഹരികുമാർ (ചെമ്മീൻ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്ബർ കക്കട്ടിൽ സ്വാഗതവും ഡോ.അജിതൻ മേനോത്ത് നന്ദിയും പറഞ്ഞു.

ഉച്ചതിരിഞ്ഞ് നടന്ന യുവകാഥികരുടെ എഴുത്തനുഭവങ്ങളിൽ സി.വി. ബാലകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. കെ.ആർ.മീര, ഇന്ദുമേനോൻ, ശ്രീലത, ജോസഫ് മരിയൻ, വി.ദിലീപ്, ജോർജ്ജ് ജോസഫ് കെ., തോമസ് ജോസഫ്, പി.എഫ്. മാത്യൂസ്, ഉണ്ണി ആർ., മനോജ് ജാതവേദര്, എം.ജി.ബാബു എന്നിവർ സംസാരിച്ചു. പി.കെ.പാറക്കടവ് സ്വാഗതവും കെ.രഘുനാഥൻ നന്ദിയും പറഞ്ഞു.

വൈകീട്ട് നടന്ന സമാപനസമ്മേളനം ചലച്ചിത്രസംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. നടൻ പത്മശ്രീ മധു, ജി. സുധാകരൻ എം.എൽ.എ., പ്രൊഫ. നെടുമുടി ഹരികുമാർ, അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

**ചങ്ങമ്പുഴമന്ദിരം ഉദ്ഘാടനം** (മെയ് 21)

മലയാളത്തിന്റെ കാവ്യഗന്ധർവ്വനായ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ഓർമ്മകൾ ജ്വലിക്കുന്ന തൃശൂരിൽ അദ്ദേഹത്തിന്റെ സ്മാരകമായി ചങ്ങമ്പുഴമന്ദിരം 2012 മെയ് 21 തിങ്കളാഴ്ച സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. അഡ്വ.തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., മേയർ ഐ.പി.പോൾ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.ദാസൻ, കൗൺസിലർ പ്രൊഫ. അന്നം ജോൺ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ചങ്ങമ്പുഴയെ ആദ്യമായി മംഗളോദയത്തിൽ വെച്ച് പരിചയപ്പെട്ടതിന്റെ ഓർമ്മകൾ എം.സി.നമ്പൂതിരിപ്പാട് പങ്കിട്ടു. ചങ്ങമ്പുഴയെ ഓർക്കുമ്പോൾ എന്ന വിഷയത്തിൽ അക്കാദമി വൈസ്

പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് പ്രഭാഷണം നടത്തി. ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും ഗിരിജ സേതുനാഥ് നന്ദിയും പറഞ്ഞു.

**ബഷീറിന്റെ സാഹിത്യജീവിതം-സെമിനാർ (ജൂൺ 17)**

മലയാളസാഹിത്യത്തിലെ ഇതിഹാസവും നിത്യവിസ്മയവുമായ വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യജീവിതത്തെ ആസ്പദമാക്കി 2012 ജൂൺ 17 ഞായറാഴ്ച തലയോലപ്പറമ്പ് കെ.ആർ.ഓഡിറ്റോറിയത്തിൽവെച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ.എം.കെ.സാനു ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. ബഷീറിന്റെ മകൻ അനിസ് ബഷീർ, മുദ്ര പ്രസിഡണ്ട് പി.എൻ.നാരായണൻ, കൈനകരി ഷാജി, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

*ബഷീർ ഓർമ്മയുടെ വഴികൾ* എന്ന പരിപാടിയിൽ ബഷീറുമായി അടുത്ത പരിചയമുള്ള വൈക്കം ചിത്രഭാനു, ഡോ.എം.സദാശിവൻപിള്ള, സി.കെ.വിശ്വനാഥൻനായർ, ഡോ.ബി.രാമചന്ദ്രൻനായർ, എം.ജി.രാഘവൻ, എ.വി.അശോകൻ എന്നിവർ ഓർമ്മകൾ പങ്കുവെച്ചു. ഡോ. ഖദീജ മുംതാസ്, ഡോ.സന്തോഷ് ജെ.കെ.വി. എന്നിവർ സംസാരിച്ചു.

വൈകീട്ട് നടന്ന സമാപനസമ്മേളനം അക്കാദമി മുൻ പ്രസിഡണ്ട് എം.മുകുന്ദൻ ഉദ്ഘാടനം ചെയ്തു. പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സെലീനാമ്മ ജോർജ്ജ്, മുദ്ര ബഷീർ ഫൗണ്ടേഷൻ ചെയർമാൻ തോമസ് മാത്യു മരങ്ങോലി, അഡ്വ.പി.വി.കൃഷ്ണകുമാർ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ  എന്നിവർ സംസാരിച്ചു.

**സി.ജെ.യുടെ ധൈഷണികലോകം-സെമിനാർ (ജൂലായ് 14)**

ആധുനികതയുടെയും കേരളീയതയുടെയും സർഗ്ഗസ്ഥലികളിൽ നൂതനഭാവുകത്വത്തിന്റെ തീക്കാറ്റുവിതച്ച ധിഷണാശാലിയായ സി.ജെ.തോമസിന്റെ അമ്പത്തിരണ്ടാം ചരമവാർഷികദിനമായ 2012 ജൂലായ് 14 ന് കൂത്താട്ടുകളം ടൗൺഹാളിൽ സെമിനാർ സംഘടിപ്പിച്ചു. പ്രശസ്ത കവി ബാലചന്ദ്രൻ ചുള്ളിക്കാട് ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. സീനാ ജോൺസ്, സി.ജെ. സ്മാരകസമിതി പ്രസിഡണ്ട് പ്രൊഫ.എൻ.ഐ.എബ്രഹാം എന്നിവർ ആശംസകൾ അർപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി അംഗം ജെന്നിംഗ്സ് ജേക്കബ് നന്ദിയും പറഞ്ഞു.

ഡോ.എം.ഗംഗാധരൻ (സി.ജെ. എന്ന ഹ്യൂമനിസ്റ്റ്), ഡോ.ജോർജ്ജ് ഓണക്കൂർ (സി.ജെ.യുടെ സാഹിത്യദർശനം), ടി.എം.എബ്രഹാം (സി.ജെ.യുടെ നാടകസാഹിത്യം), ഡോ.സി.കെ.തോമസ് (സി.ജെ.യുടെ നാട

കങ്ങൾ രംഗവേദിയിൽ), ഡോ.മ്യൂസ് മേരി ജോർജ്ജ് (സി.ജെ.യുടെ രാഷ്ട്രീയസംഹിത) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷതവഹിച്ചു. അക്കാദമി അംഗം എം.ഡി.രാജേന്ദ്രൻ സ്വാഗതവും സി.ജെ. സ്മാരകസമിതി സെക്രട്ടറി ജോസ് കരിമ്പന നന്ദിയും പറഞ്ഞു.

**സാഹിത്യനിരൂപണ ശില്പശാല** (ജൂലായ് 21, 22)

സാഹിത്യവിമർശനത്തിലെ വിവിധ സൗന്ദര്യശാസ്ത്രസമീപനങ്ങളെ ആഴത്തിൽ പുനരാലോചിച്ചും വ്യത്യസ്തതയാർന്ന സൈദ്ധാന്തിക നിലപാടുകളെ മൂല്യനിർണ്ണയത്തിന് വിധേയമാക്കിയും പാലക്കാട് ചെമ്പൈ മെമ്മോറിയൽ ഗവ. മ്യൂസിക് കോളേജിൽവെച്ച് 2012 ജൂലായ് 21, 22 തീയതികളിൽ സാഹിത്യ നിരൂപണ ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 പ്രതിനിധകളും അമ്പതോളം നിരീക്ഷകരും ശില്പശാലയിൽ പങ്കെടുത്തു. പട്ടാമ്പി എം.എൽ.എ. സി.പി.മുഹമ്മദ് ശില്പശാല ഉദ്ഘാടനം ചെയ്തു. ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷതവഹിച്ചു. പാലക്കാട് മുനിസിപ്പൽ ചെയർമാൻ അബ്ദുൽ ഖുദ്ദൂസ് ആശംസയർപ്പിച്ചു. സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും ഇന്ദുമേനോൻ നന്ദിയും പറഞ്ഞു.

ഡോ.ചാത്തനാത്ത് അച്യുതനുണ്ണി (ഭാരതീയസാഹിത്യവിമർശനവീക്ഷണം), പ്രൊഫ.എം.തോമസ് മാത്യു (പാശ്ചാത്യ സാഹിത്യസിദ്ധാന്തവീക്ഷണം), ആഷാമേനോൻ (മലയാളസാഹിത്യവിമർശ വീക്ഷണം), ഡോ.കെ.പി.മോഹനൻ (മലയാളനോവൽ നിരൂപണം), പ്രസന്നരാജൻ (വിമർശത്തിന്റെ വിമർശം) പ്രബന്ധങ്ങൾ അവതരിപ്പിച്ചു. രഘുനാഥൻ പറളി, കെ.പി.രമേഷ്, ടി.ടി.പ്രഭാകരൻ എന്നിവർ ക്യാമ്പംഗങ്ങളുടെ രചനാചർച്ചകളിൽ പങ്കെടുത്തു.

**അമ്പത്തിയാറാം വാർഷികാഘോഷവും പുരസ്കാരസമർപ്പണവും** (സെപ്തംബർ 7,8)

കേരള സാഹിത്യ അക്കാദമിയുടെ അമ്പത്തിയാറാം വാർഷികവും പുരസ്കാരസമർപ്പണവും 2012 സെപ്തംബർ 7, 8 തീയതികളിൽ അക്കാദമി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അധ്യക്ഷതവഹിച്ചു. ടി. പത്മനാഭൻ, ആനന്ദ് എന്നിവരെ മുഖ്യമന്ത്രി വിശിഷ്ടാംഗത്വം നൽകി ആദരിച്ചു. ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, പ്രൊഫ.പി.ടി.ചാക്കോ, കെ.ബി. ശ്രീദേവി, ജോസഫ് വൈറ്റില എന്നിവർക്കുള്ള സമഗ്രസംഭാവനാപുരസ്കാരങ്ങൾ സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് സമർപ്പിച്ചു. പുരസ്കാരജേതാക്കളെ പി.കെ.പാറക്കടവ്, അജയപുരം ജ്യോതിഷ്കുമാർ, ഡോ.ഡി.ബെഞ്ചമിൻ എന്നിവർ പരിചയപ്പെടുത്തി.

കളക്ടർ പി.എം.ഫ്രാൻസിസ് പ്രശസ്തിപത്രം അവതരിപ്പിച്ചു. ആശംസകൾ അർപ്പിച്ചുകൊണ്ട് മേയർ ഐ.പി.പോൾ, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.ദാസൻ എന്നിവർ സംസാരിച്ചു. അവാർഡ് ജേതാക്കൾ മറുപടിപ്രസംഗം നടത്തി. അക്കാദമി സെക്രട്ടറി സ്വാഗതവും അക്കാദമി അംഗം ഡോ.ആർ. സത്യജിത് നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന മലയാളസാഹിത്യം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എന്ന സെമിനാർ സേതു ഉദ്ഘാടനം ചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അധ്യക്ഷതവഹിച്ചു. ആഷാമേനോൻ (നോവൽ), ടി.പി.രാജീവൻ (കവിത), ഡോ.സുനിൽ പി. ഇളയിടം (കഥ), ബി.രാജീവൻ (വിമർശനം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സെപ്തംബർ 8 ന് രാവിലെ 10.30 ന് അക്കാദമി എൻഡോവ്മെന്റ് അവാർഡുകളുടെ സമർപ്പണം നടന്നു. കെ.ആർ.ഗൗരിയമ്മ, സുഭാഷ്ചന്ദ്രൻ, കുരീപ്പുഴ ശ്രീകുമാർ, ബാലസുബ്രഹ്മണ്യൻ, യു.കെ.കുമാരൻ, ടി.എൻ.ഗോപകുമാർ, കെ.ബി.പ്രസന്നകുമാർ, ബി.രാജീവൻ, കെ.രാധാകൃഷ്ണൻ എന്നിവരും, എൻഡോവ്മെന്റ് അവാർഡ് ജേതാക്കളായ ജെ.ലളിതാംബിക, എൽ.എസ്.രാജഗോപാലനുവേണ്ടി മകൻ സുബ്ബരായൻ, ഡോ.എൻ.കെ.മേരി, ആര്യാംബിക, ധന്യാരാജ്, എസ്.ഗോപാലകൃഷ്ണൻ, ഡോ.ആന്നിയിൽ തരകൻ എന്നിവരും അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരനിൽനിന്നും പുരസ്കാരം ഏറ്റുവാങ്ങി. അക്കാദമി അവാർഡ് ജേതാക്കളെ ഡോ.സന്തോഷ് ജെ.കെ.വി.യും എൻഡോവ്മെന്റ് അവാർഡ് ജേതാക്കളെ കെ.രഘുനാഥനും പരിചയപ്പെടുത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതനും അക്കാദമി അംഗം ഡോ.അജിതൻ മേനോത്ത് നന്ദിയും പറഞ്ഞു.

ഉച്ചകഴിഞ്ഞ് നടന്ന *എഴുത്തുകാരനും മാറുന്ന ഭാവുകത്വവും* എന്ന സാഹിത്യസെമിനാറിൽ അക്ബർ കക്കട്ടിൽ അദ്ധ്യക്ഷതവഹിച്ചു. ഡോ. എം.ജി.ശശിഭൂഷൺ, അംബികാസുതൻ മാങ്ങാട്, കുരീപ്പുഴ ശ്രീകുമാർ, സുഭാഷ്ചന്ദ്രൻ, പി.പി.രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. എം.ഡി.രാജേന്ദ്രൻ സ്വാഗതവും കാളിദാസ് പുതുമന നന്ദിയും പറഞ്ഞു.

**പാലായുടെ സാംസ്കാരികപാരമ്പര്യം**(സെപ്തംബർ 17)

മഹത്തായ സാംസ്കാരികപാരമ്പര്യമുള്ള പാലാ ദേശത്തിന്റെ ചരിത്രത്തിൽ കർമ്മംകൊണ്ട് മായാത്ത മുദ്ര പതിപ്പിക്കുകയും കേരള സംസ്കൃതിയെ അഗാധമായി സ്വാധീനിക്കുകയും ചെയ്ത മഹാരഥന്മാരെ ആദരക്കുന്നതിന്റെ ഭാഗമായി സെപ്തംബർ 17 തിങ്കളാഴ്ച പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് പാലായുടെ സാംസ്കാരികപാരമ്പര്യം എന്ന ഏകദിനസെമിനാർ സംഘടിപ്പിച്ചു. റവന്യു വകുപ്പ് മന്ത്രി കെ.എം.മാണി ഉദ്ഘാടനം ചെയ്തു. പെരുമ്പടവം ശ്രീധരൻ അധ്യ

ക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർമാൻ കുര്യാക്കോസ് പടവൻ, കോളേജ് പ്രിൻസിപ്പൽ കെ.കെ.ജോസ്, മലയാളവിഭാഗം മേധാവി പി.ജെ.സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതമാശംസിച്ചു.

തുടർന്ന് പ്രൊഫ. അമ്പലപ്പുഴ ഗോപകുമാർ (രാമപുരത്ത് വാര്യർ), പോൾ മണലിൽ (പാറേമാക്കൽ തോമക്കത്തനാർ), ഡോ.ബാബു ചെറിയൻ (കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള), കെ.എം.ചുമ്മാർ (പ്രവിത്താനം പി.എം.ദേവസ്യ), ചാക്കോ സി. പൊരിയത്ത് (മാത്യു എം.കുഴിവേലി), രവി പാലാ (ലളിതാംബിക അന്തർജ്ജനം), ഗോപി കൊടുങ്ങല്ലൂർ (പാലാ നാരായണൻനായർ), ഡോ.ജോസ് കെ. മാനുവൽ (വെട്ടൂർ രാമൻനായർ), ജോസ് വട്ടപ്പലം (പാല കെ.എം.മാത്യു), ഡോ.ജോബിൻ ചാമക്കാല (ജെ.കെ.വി.) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷതവഹിച്ചു. കൈനകരി ഷാജി സ്വാഗതവും പി.ജെ.സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

# വിശ്വമലയാളമഹോത്സവം

**ആമുഖം**

മലയാളഭാഷയേയും സംസ്കാരത്തേയും ലോകമെങ്ങും ഉയർത്തിപ്പിടിക്കുവാനും അതിലൂടെ മലയാളികളുടെ ആത്മബോധത്തേയും സ്വാഭിമാനത്തേയും ഉത്തേജിപ്പിക്കുവാനുള്ള ഒരു പ്രത്യേക പരിശ്രമം എന്ന നിലയിൽ കേരള സാഹിത്യ അക്കാദമി സമർപ്പിച്ച നിർദ്ദേശങ്ങൾ സാംസ്കാരികവകുപ്പ് അംഗീകരിക്കുകയും ചെയ്ത പരിപാടിയാണ് വിശ്വമലയാളമഹോത്സവം. ബഹു. സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ. കെ. സി.ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പ്രാഥമിക പദ്ധതിക്കായി ആറുകോടി രൂപയുടെ കരട് പദ്ധതിയ്ക്ക് രൂപം നൽകി. പിന്നീട് രണ്ടുകോടി പതിനഞ്ചുലകഷം രൂപയുടെ ബജറ്റിൽ പരിമിതപ്പെടുത്തുകയും ചെയ്തു. ഇതിൽ അമ്പതുലക്ഷം രൂപയുടെ ഫണ്ട് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഉൾപ്പെടുത്തി ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം.മാണി നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. ബാക്കി ഒന്നര കോടി രൂപ കൂടി സംസ്ഥാനസർക്കാർ അനുവദിച്ചു. വിപുലമായ തയ്യാറെടുപ്പുകളോടുകൂടിയാണ് 'വിശ്വമലയാളമഹോത്സവം' സംഘടിപ്പിക്കപ്പെട്ടത്.

**വിശ്വമലയാളമഹോത്സവം-വിളംബരസമ്മേളനം**

**തൃശൂർ (സെപ്തംബർ 28)**

മാതൃഭാഷയുടെ മഹത്തായ സാംസ്കാരികപൈതൃകവും സർഗ്ഗാത്മകസൗന്ദര്യവും വിശ്വത്തോളം വ്യാപ്തമാണെന്ന് ലോകമെങ്ങുമുള്ള

മലയാളികൾ ആവേശത്തോടെ മനസ്സിലാക്കുന്നതിന്റെ അനുഭവം പങ്കിടുന്നതിന് വിഭാവനം ചെയ്ത വിശ്വമലയാളമഹോത്സവത്തിന്റെ വിളംബരസമ്മേളനം സംഘടിപ്പിച്ചു. സെപ്തംബർ 28 വെള്ളിയാഴ്ച രാവിലെ അക്കാദമി അങ്കണത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിലെ സാഹിത്യകാരന്മാർ അമ്പത് ചെരാതുകളിൽ തിരികൾ തെളിയിച്ചുകൊണ്ടാണ് വിളംബരസമ്മേളനം ആരംഭിച്ചത്.

അക്കാദമി ഓഡിറ്റോറിയത്തിൽ നടന്ന വിളംബരസമ്മേളനത്തിന്റെ ഉദ്ഘാടനം അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ നിർവ്വഹിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷത വഹിച്ചു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ആശംസാപ്രസംഗം നടത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി അംഗം ഗിരിജാസേതുനാഥ് നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന *എഴുത്തിന്റെ വിപണിവത്കരണം* എന്ന സെമിനാർ നടന്നു. കെ. രഘുനാഥൻ മോഡറേറ്ററായി. ആഷാമേനോൻ, രാവുണ്ണി, മുണ്ടൂർ സേതുമാധവൻ, റഫീക് അഹമ്മദ്, കെ.ആർ.ടോണി, എൻ.രാജൻ, രഘുനാഥൻ പറളി, വിജയകുമാർ കുനിശ്ശേരി, വി.ബി.ജ്യോതിരാജ്, റോസിതമ്പി, പി.കെ.ഭരതൻ, പാങ്ങിൽ ഭാസ്കരൻ, സിസ്റ്റർ ജെസ്മി, ഒ.പി.ആർ.കുട്ടി, വി.പി.ജോൺസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

വൈലോപ്പിള്ളി ഹാളിൽ നടന്ന *മലയാളത്തിലെ വൈജ്ഞാനിക സാഹിത്യം* എന്ന സെമിനാറിൽ പി.കെ.പാറക്കടവ് മോഡറേറ്ററായി. ഐ.ഷൺമുഖദാസ്, എൻ.പി.വിജയകൃഷ്ണൻ, ഡോ.അജിതൻ മേനോത്ത്, ടി.ടി.പ്രഭാകരൻ, പ്രൊഫ.സാവിത്രി ലക്ഷ്മണൻ, കടാങ്കോട് പ്രഭാകരൻ, ഡോ.എം.കൃഷ്ണൻനമ്പൂതിരി, പ്രൊഫ.എം.ഹരിദാസ്, എൻ. മൂസക്കുട്ടി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ചങ്ങമ്പുഴ ഹാളിൽ നടന്ന *സൈബർ മലയാളം* എന്ന സെമിനാറിൽ ഡോ.അജയപുരം ജ്യോതിഷ്കുമാർ മോഡറേറ്ററായി. എം.ഡി.രാജേന്ദ്രൻ, അഷ്ടമൂർത്തി, ലളിത ലെനിൻ, വി.ജി.തമ്പി, എം.ജി.ബാബു, മണിലാൽ, വി.ദിലീപ്, സി.ഗണേഷ്, ബാലകൃഷ്ണൻ അഞ്ചത്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഉച്ചയ്ക്ക് 2 മണിക്ക് അക്കാദമി ഓഡിറ്റോറിയത്തിൽ നടന്ന *മാറുന്ന ലോകം മാറുന്ന മലയാളി* എന്ന സെമിനാറിൽ കാളിദാസ് പുതുമന മോഡറേറ്ററായി. ഡോ.എൻ.ആർ.ഗ്രാമപ്രകാശ്, കല്പറ്റ ബാലകൃഷ്ണൻ, എം.എൻ.വിനയകുമാർ, എം.കൃഷ്ണദാസ്, അസ്മോ പുത്തൻചിറ, നന്ദകിഷോർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

വിവിധ സെഷനുകളിൽ കെ.വി.ബേബി, രോഷ്നിസ്വപ്ന, ബക്കർ മേത്തല, സെബാസ്റ്റ്യൻ, വിജേഷ് എടക്കുന്നി, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവർ കവിതകൾ അവതരിപ്പിച്ചു.

ഉച്ചകഴിഞ്ഞ് 5 ന് നടന്ന ഗുരുവന്ദനത്തിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഈടുറ്റ സംഭാവനകൾ നൽകിയ സാഹിത്യനായകന്മാർക്ക് അക്കാദമി ആദരസമർപ്പണം നടത്തി. പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ, ഇയ്യങ്കോട് ശ്രീധരൻ, കരൂർ ശശി, പ്രൊഫ.കെ.പി.ശങ്കരൻ, ഡോ.എസ്.കെ.വസന്തൻ, സി.ഉത്തമക്കുറുപ്പ്, പി.ടി.നരേന്ദ്രമേനോൻ, സി.എൽ.ജോസ്, ദേവകി നിലയങ്ങോട്, മാധവൻ അയ്യപ്പത്ത്, കെ.വി.രാമനാഥൻ, പാർവ്വതി പവനൻ, വേലായുധൻ പണിക്കശ്ശേരി, പ്രൊഫ.പി.നാരായണ മേനോൻ, ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, പ്രൊഫ.കേശവൻ വെള്ളിക്കുളങ്ങര എന്നിവരാണ് സമാദരിക്കപ്പെട്ടത്. പൊന്നാടയണിച്ചും അക്കാദമിയുടെ പ്രതീകമായ ചങ്ങലവട്ട സമ്മാനിച്ചും അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ആദരണീയരോട് കേരളസമൂഹത്തിനുള്ള സ്നേഹബഹുമാനങ്ങൾ രേഖപ്പെടുത്തി. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അധ്യക്ഷതവഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.ദാസൻ, ലളിതകലാ അക്കാദമി സെക്രട്ടറി ശ്രീമൂലനഗരം മോഹൻ, പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട് ജോയ് എം. മണ്ണൂർ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ആദരിക്കപ്പെട്ടവർക്കുവേണ്ടി പി.ടി. നരേന്ദ്രമേനോൻ മറുപടി പ്രസംഗം നടത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും കാളിദാസ് പുതുമന നന്ദിയും രേഖപ്പെടുത്തി.

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം, ലോഗോ പ്രകാശനം**

തിരുവനന്തപുരം ജൂലായ് 11

പൂജപ്പുര ചെറുകര ഗാർഡനിൽ സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ. കെ.സി.ജോസഫിന്റെ അദ്ധ്യക്ഷതയിൽ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി വിശ്വമലയാളമഹോത്സവം ഓഫീസിന്റെ ഉദ്ഘാടനം ചെയ്തു. ലോകം മുഴുവനുമുള്ള മലയാളികളുടെ പ്രതിനിധികളെ ഒന്നിച്ചിരുത്തി കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയാക്കി വിശ്വമലയാളമഹോത്സവത്തെ മാറ്റിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം.മാണി ലോഗോയുടെ പ്രകാശനവും നിർവ്വഹിച്ചു.

തിരുവനന്തപുരം നഗരസഭാ മേയർ കെ.ചന്ദ്രിക, പാലോട് രവി എം.എൽ.എ., കെ.മഹേശ്വരൻനായർ, പ്രൊഫ.ഒ.എൻ.വി.കുറുപ്പ്, അടൂർ ഗോപാലകൃഷ്ണൻ, സുഗതകുമാരി, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. തുമ്പമൺ തോമസ്, സൂര്യകൃഷ്ണമൂർത്തി, ബാചന്ദ്രൻ വടക്കേടത്ത്, ഡോ.അജയപുരം ജ്യോതിഷ്കുമാർസ പ്രൊഫ.നെടുമുടി ഹരികുമാർ, പ്രൊഫ. സന്തോഷ് ജെ.കെ.വി., ജോൺ സാമുവൽ, ഗിരിജാ സേതുനാഥ്, ഡോ.ആർ. സത്യജിത്, എൽ.വി.ഹരികുമാർ, ജി.ശങ്കർ, രാജീ

വ്നാഥ്, കാളിദാസ് പുതുമന, വിജയകുമാർ കുനിശ്ശേരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ സ്വാഗതവും സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

**വെബ്സൈറ്റ് പ്രകാശനം**

വിശ്വമലയാളമഹോത്സവത്തിന്റെ വൈബ് സൈറ്റിന്റെ ഉദ്ഘാടനം മുഖ്യ മന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. മുഖ്യമന്ത്രിയുടെ കോൺഫ്രൻസ് ഹാളിൽ നടന്ന ചടങ്ങിൽ സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ്, അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

**വിളംബരപരിപാടികൾ**

തിരുവനന്തപുരം

വിശ്വമലയാളമഹോത്സവത്തിന്റെ വിളംബരമായി ദേശീയോദ്ഗ്രഥനവും മലയാളഭാഷാ ശ്രേഷ്ഠഭാഷ എന്ന വിഷയവും ഉൾക്കൊള്ളിച്ച് 150 ഓളം കുട്ടികൾ ചേർന്നവതരിപ്പിച്ച ഫ്ളാഷ്മോബ് നടന്നു. തിരുവനന്തപുരം കിഴക്കേക്കോട്ട, തമ്പാനൂർ, ആയൂർവേദ കോളേജ് ജംഗ്ഷൻ, വെള്ളയമ്പലം എന്നിവിടങ്ങിളായി നടന്ന ഈ പരിപാടി ഏറെ ജനശ്രദ്ധയാകർഷിച്ചു. വിളംബരപരിപാടികളുടെ ഭാഗമായി കവിതാലാപനവും കഥാവായനയും നടന്നു.

**കേളികൊട്ട്**

ഒക്ടോബർ 25,26,27,28,29

വിശ്വമലയാളമഹോത്സവത്തിന്റെ വിളംബരത്തിന്റെ ഭാഗമായി ഒക്ടോബർ 25 മുതൽ 29 വരെ തീയതികളിൽ വൈകീട്ട് 6.30 ന് തിരുവനന്തപുരത്തെ വിവിധ കേന്ദ്രങ്ങളിൽ കലാപരിപാടികൾ അരങ്ങേറി. ഒക്ടോ 25 മുതൽ 27 വരെ തിരുവനന്തപുരം തീർത്ഥപാദമണ്ഡപത്തിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി അവതരിപ്പിച്ചു. കഥ-നളചരിതം നാലാംദിവസം (ഒക്ടോ.25), കഥ-കീചകവധം (ഒക്ടോ.26), കഥ-ലവണാസുരവധം (ഒക്ടോ.27)

കേരള ഫോക്‌ലോർ അക്കാദമിയുടെ സഹകരണത്തോടെ മ്യൂസിയം ബാന്റ് സ്റ്റാന്റിൽ നാടൻ കലാപരിപാടികൾ അരങ്ങേറി. തെയ്യം (ഒക്ടോ.25), നാടൻപാട്ടുകൾ (ഒക്ടോ.26), മുളംചെണ്ട, മംഗലംകളി,എരുത്കളി (ഒക്ടോ.27), ചരടുപിന്നിക്കളി, കോലാട്ടം, മൊന്തയും താലവും (ഒക്ടോ.28), തോൽപ്പാവക്കൂത്ത് (ഒക്ടോ.29) എന്നിവ നടന്നു. വി.ജെ.ടി. ഹാളിൽ വിവിധ നാടകങ്ങൾ അരങ്ങേറി. ശുദ്ധികലശം (കെ.പി.എ.സി.), ഒരു മനഃശാസ്ത്രജ്ഞന്റെ ഭാരതപര്യടനം (സാഹിതി തിരുവനന്തപുരം), വൈദേഹി പറയുന്നു (ദൃഷ്ടി, കോഴിക്കോട്) ഉതുപ്പാന്റെ കിണർ (പ്രകാശ് കലാകേന്ദ്രം കൊല്ലം), മതിലേരികന്നി (അക്ഷരകല തിരുവനന്ത

പുരം) എന്നീ നാടകങ്ങൾ അവതരിപ്പിച്ചു. പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വിവിധ കഥാപ്രസംഗങ്ങൾ അവതരിപ്പിച്ചു. കൃഷ്ണ നീ ഉണ്ടായിരുന്നെങ്കിൽ (അയിലം ഉണ്ണികൃഷ്ണൻ), മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (വി.ഹർഷകുമാർ), ചെമ്മീൻ (കടയ്ക്കോട് വിശ്വംഭരൻ), മഹാകവി കുമാരനാശാനും മാനസപുത്രിമാരും (സീന പള്ളിക്കര), വേഗത പോരാ.. പോരാ.. (തേവർതോട്ടം സുകുമാരൻ) എന്നീ കഥകൾ അവതരിപ്പിച്ചു.

# വിശ്വമലയാളമഹോത്സവം

**തിരുവനന്തപുരം (ഒക്ടോബർ 30,31 നവംബർ 1 )**

**പൊതു അവലോകനം**

മലയാളഭാഷയെ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മലയാളികളുടെ ഇടയിൽ മാതൃഭാഷാഭിമാനം വളർത്തുവാനുമുള്ള പ്രവർത്തനത്തിന് ആക്കം കൂട്ടുവാനും 2012 ഒക്ടോർ 30, 31, നവം.1 തീയതികളിലായി തിരുവനന്തപുരത്തുവെച്ചു നടന്ന വിശ്വമലയാളമഹോത്സവത്തിന് കഴിഞ്ഞിട്ടുണ്ട്. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാഎഴുത്തുകാരുടെ സംഗമം, പ്രവാസിസമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും, നാം നമ്മുടെ ഭാഷ, ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവമാധ്യമസംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാധ്യായനം, മലയാളത്തിന്റെ കഥാകാലങ്ങൾ, ആദാനപ്രദാനം മലയാളത്തിൽ, ജീവനസംസ്കൃതി, വിജ്ഞാനസംസ്കൃതി, നമ്മുടെ പാരമ്പര്യസംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും, മലയാളത്തിന്റെ നാടകകാലങ്ങൾ, മലയാളത്തിന്റെ നോവൽകാലങ്ങൾ, മലയാളത്തിന്റെ വിമർശനകാലങ്ങൾ തുടങ്ങിയ സെമിനാറുകളും ഇതോടനുബന്ധിച്ച് നടന്നു. കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും തിങ്ങിനിറഞ്ഞ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുകയുണ്ടായി.

യുവഎഴുത്തുകാർക്കായുള്ള മത്സരങ്ങളും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും പ്രവാസി മലയാളസംഘടനകളെ ക്ഷണിച്ച് പങ്കെടുപ്പിക്കുവാനും ഈ സമ്മേളനത്തിന് കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ വിവിധശാഖകളിൽ പരിചയസമ്പന്നരെ പങ്കെടുപ്പിച്ച് സംവാദങ്ങളും ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്.

സമ്മേളനസെമിനാറുകൾ ഒരേസമയം അഞ്ചുവേദികളിലായാണ് നടന്നത്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുവന്നെത്തിയ 865 പ്രതിനിധികൾ രജിസ്റ്റർ ചെയ്തശേഷം മൂന്നു ദിവസത്തെ സമ്മേളനപരിപാടികളിൽ പങ്കെടുത്തു. ഇതിനു പുറമെ വിവിധ വേദികളിൽ രജിസ്റ്റർ

ചെയ്ത പ്രതിനിധികളല്ലാത്ത ബഹുജനങ്ങളുടെയും വമ്പിച്ച പങ്കാളിത്തം ലഭിച്ചു.

സെമിനാറുകളും മുഖാമുഖങ്ങളും മറ്റു സമ്മേളനങ്ങളുമായി ആകെ 43 സെഷനുകൾ മൂന്നു ദിവസങ്ങളിലായി നടന്നു. സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ഗണനീയമായ പ്രബന്ധങ്ങൾ എഡിറ്റുചെയ്ത് ചേർത്ത് ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാനും അക്കാദമി തീരുമാനിച്ചിട്ടുണ്ട്.

ഒരു ശ്രേഷ്ഠഭാഷാ എന്ന നിലയ്ക്ക് മലയാളത്തിന് എല്ലാ അർഹതയുമുണ്ടെന്ന് മലയാളികളിലും ഇതരദേശക്കാരിലും ബോധ്യപ്പെടുത്തുവാൻ ഈ സമ്മേളനത്തിലെ ചർച്ചകൾ പ്രയോജനപ്പെട്ടു.

## സമ്മേളനപരിപാടികൾ

### ഒറ്റനോട്ടത്തിൽ

1. ഉദ്ഘാടനസമ്മേളനം
   **സെമിനാറുകൾ** *കനകക്കുന്ന് കൊട്ടാരം, വി.ജെ.ടി.ഹാൾ, ചന്ദ്രശേഖരൻനായർ സ്റ്റേഡിയം, ഒളിമ്പ്യാചേമ്പർ*
2. കവിയും കവിതയും
3. നാം നമ്മുടെ ഭാഷ
4. നാടൻ കലാസംസ്കൃതി
5. ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം
6. നാം നമ്മുടെ ഭാഷ
7. കേരളീയ ദളിത് ജീവിതം കാലങ്ങളിലൂടെ
8. നാം നമ്മുടെ സിനിമ
9. നവ മാധ്യമസംസ്കാരം
10. കഥപറച്ചിലിന്റെ രസതന്ത്രം
11. നാം നമ്മുടെ സിനിമ
12. മാതൃഭാഷാധ്യായനം
13. മലയാള്ത്തിന്റെ കഥാകാലങ്ങൾ
14. കഥപറച്ചിലിന്റെ രസതന്ത്രം
15. ആദാനപ്രദാനം മലയാളത്തിൽ
16. ജീവനസംസ്കൃതി
17. ആദാനപ്രദാനം മലയാളത്തിൽ
18. വിജ്ഞാനസംസ്കൃതി
19. നമ്മുടെ പാരമ്പര്യസംസ്കൃതി
20. മലയാളത്തനിമ
21. മലയാളിയുടെ എഴുത്തും ചിന്തയും
22. നമ്മുടെ പാരമ്പര്യസംസ്കൃതി
23. മലയാളത്തിന്റെ നാടകകാലങ്ങൾ

24. മലയാളിയുടെ എഴുത്തും ചിന്തയും
25. മലയാളത്തിന്റെ കവിതാകാലങ്ങൾ
26. മലയാളത്തിന്റെ നോവൽ കാലങ്ങൾ
27. മലയാളത്തിന്റെ വിമർശനകാലങ്ങൾ
28. ഭാഷാ കമ്പ്യൂട്ടിംഗ്

**സമ്മേളനങ്ങൾ**

*കനകക്കുന്ന് കൊട്ടാരം, വി.ജെ.ടി.ഹാൾ, ചന്ദ്രശേഖരൻനായർ സ്റ്റേഡിയം, ഒളിമ്പ്യാചേമ്പർ*

29. മലയാളഭാഷാദിനാചരണം
30. അന്യഭാഷാ എഴുത്തുകാരുടെ സംഗമം
31. ഭാരതീയഭാഷകളിലെ എഴുത്തുകാരുടെ സംഗമം
32. പ്രവാസി സമ്മേളനം
33. പതിനഞ്ച് ഓപ്പൺ ഫോറങ്ങൾ
34. പുസ്തകോത്സവം
35. സാഹിത്യപുരസ്കാരദാനം
36. ആചാര്യപൂജ

    എം.ടി.വാസുദേവൻനായർ, ഒ.എൻ.വി.കുറുപ്പ്, ടി.പത്മനാഭൻ, സുഗതകുമാരി, അടൂർ ഗോപാലകൃഷ്ണൻ, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, കാവാലം നാരായണപ്പണിക്കർ എന്നിവർ ആചാര്യപൂജയിൽ പങ്കെടുത്തു.

37. ആദരസന്ധ്യ

    ആറ്റൂർ രവിവർമ്മ, ചെമ്മനം ചാക്കോ, ഓംചേരി എൻ.എൻ.പിള്ള, യൂസഫലി കേച്ചേരി, സാറാ തോമസ്, പന്മന രാമചന്ദ്രൻനായർ, നീലാ പത്മനാഭൻ, വി.ആർ.പ്രബോധചന്ദ്രൻനായർ, പി.നാരായണക്കുറുപ്പ്, ഡോ.വെള്ളായനി അർജ്ജുനൻ, സുകുമാർ എന്നിവർ ആദരവ് ഏറ്റുവാങ്ങി.

38. ബെൻ ഒക്രിയുമൊത്ത്-ആഫ്രിക്കൻ കവി
39. സാഹിത്യ അക്കാദമിയുട 56 പുസ്തകങ്ങളുടെ പ്രകാശനം
40. സമാപനസമ്മേളനം-ഒളിമ്പ്യാ ചേമ്പർ

**സമ്മേളനറിപ്പോർട്ട്**

മലയാളത്തിന്റെ മഹത്തായ സാഹിത്യ-കലാ-സാംസ്കാരികപാരമ്പര്യങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ കേരള സർക്കാർ സാംസ്കാരികവകുപ്പിന്റെയും കേരള സാഹിത്യ അക്കാദമിയുടെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവെച്ച് ഒക്ടോബർ 30,31 നവംബർ 1 തീയതികളിൽ വിശ്വമലയാളമഹോത്സവം സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽവെച്ച് ഇന്ത്യൻ രാഷ്ട്രപതി പ്രണബ് മുഖർജി ഉദ്ഘാടനംചെയ്തു. കേരള ഗവർണർ

എച്ച്.ആർ.ഭരദ്വാജ് അദ്ധ്യക്ഷതവഹിച്ചു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആശംസാപ്രസംഗം നടത്തി. വിശ്വമലയാളമഹോത്സവം കോ–ചെയർമാൻ പാലോട് രവി എം.എൽ.എ. രാഷ്ട്രപതിയ്ക്ക് സാഹിത്യ അക്കാദമിയുടെ ഉപഹാരം സമർപ്പിച്ചു. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി. ജോസഫ് സ്വാഗതമാശംസിച്ചു. എം.ടി.വാസുദേവൻനായർ, ഒ.എൻ.വി. കുറുപ്പ്, രാജ്യസഭ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ, കേന്ദ്രമന്ത്രിമാരായ കെ. സി.വേണുഗോപാൽ, ശശി തരൂർ, മന്ത്രിമാരായ കെ.എം.മാണി, വി. എസ്.ശിവകുമാർ, പി.കെ.അബ്ദുറബ്ബ്, മേയർ കെ.ചന്ദ്രിക, കെ.മുരളീധരൻ എം.എൽ.എ. എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ നന്ദി പറഞ്ഞു.

ഒക്ടോബർ 30 ന് ഉച്ചതിരിഞ്ഞ് വി.ജെ.ടി. ഹാളിൽ നടന്ന *കവിയും കവിതയും* എന്ന സമ്മേളനം കവയത്രി സുഗതകുമാരി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഡോ.പുതുശ്ശേരി രാമചന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. ഏഴാച്ചേരി രാമചന്ദ്രൻ, കുരീപ്പുഴ ശ്രീകുമാർ, നീലംപേരൂർ മധുസൂദനൻനായർ, പി.പി.ശ്രീധരനുണ്ണി, സെബാസ്റ്റ്യൻ, ഡോ.കവടിയാർ രാമചന്ദ്രൻ, ഇന്ദ്രബാബു, മണമ്പൂർ രാജൻബാബു, വീരാൻകുട്ടി, പി.പി.രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു. ഡോ.അജിതൻ മേനോത്ത്, സി.വി.പ്രേംകുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് ഗുരുഗോപിനാഥ് നടന കേന്ദ്രം *കേരളനടനം* സംഘനൃത്തം അവതരിപ്പിച്ചു.

കനകകുന്ന് കൊട്ടാരത്തിൽ നടന്ന *നാം നമ്മുടെ ഭാഷ* എന്നെ സെമിനാറിൽ എം.പി.അബ്ദുൾസമദ്സമദാനി അധ്യക്ഷതവഹിച്ചു. പ്രൊഫ. സ്കറിയ സക്കറിയ മുഖ്യപ്രഭാഷണം നടത്തി. ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, ഡോ.സി.ജി.രാമചന്ദ്രൻനായർ, ഡോ.മഹേഷ് മംഗലാട്ട് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ.ഡി.ബെഞ്ചമിൻ സ്വാഗതവും പ്രൊഫ.കോശി തലയ്ക്കൽ നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന *നാടൻ കലാസംസ്കൃതി* എന്ന സെമിനാറിൽ ബി. മുഹമ്മദ് അഹമ്മദ് പ്രബന്ധം അവതരിപ്പിച്ചു. ഡോ. തിക്കുറിശ്ശി ഗംഗാധരനും ഡോ.രാഘവൻ പയ്യനാടും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. ഡി.ബെഞ്ചമിൻ, വി.എൻ.അശോകൻ എന്നിവർ സംസാരിച്ചു.

കനകക്കുന്ന് പുസ്തകോത്സവം ഓഡിറ്റോറിയത്തിൽ ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം എന്ന പരിപാടിയിൽ ഡോ.കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ.എസ്.ശിവദാസ്, സിപ്പി പള്ളിപ്പുറം, മാ.ദക്ഷിണാമൂർത്തി എന്നിവർ പ്രഭാഷണം നടത്തി. നെടുമുടി ഹരികുമാർ പ്രസംഗിച്ചു.

വൈകീട്ട് 5.30 ന് *കേരളീയ ദളിത് ജീവിതം കാലങ്ങളിലൂടെ* എന്ന സെമിനാറിൽ കെ.കെ.കൊച്ച്, നാരായൻ, സി.അനിരുദ്ധൻ എന്നിവർ സംസാരിച്ചു. ഓപ്പൺഫോറത്തിൽ ഡോ.ഡി.ബെഞ്ചമിൻ സംസാരിച്ചു.

തുടർന്ന് ചവിട്ടുനാടകം അരങ്ങേറി.

ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ചേമ്പറിൽ നടന്ന *നാം നമ്മുടെ സിനിമ* എന്ന സെമിനാറിൽ അടൂർ ഗോപാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. വി.കെ.ജോസഫ്, വിജയകൃഷ്ണൻ, സി.എസ്.വെങ്കിടേശ്വരൻ, കൈനകരി ഷാജി, ബാലു കിരിയത്ത് എന്നിവർ സംസാരിച്ചു.

ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന *നവമാധ്യമസംസ്കാരം* എന്ന സെമിനാറിൽ മാധ്യമപ്രവർത്തകൻ ശശികുമാർ മുഖ്യപ്രഭാഷണം നടത്തി. ദൂരദർശൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ പി.കെ.സുഭാഷ്, കേരള പ്രസ് അക്കാദമി ചെയർമാൻ എൻ.പി.രാജേന്ദ്രൻ, ആകാശവാണി ഡെപ്യൂട്ടി ജനറൽ കെ.എ.മുരളീധരൻ, ഒ.അബ്ദുറഹിമാൻ, ജോർജ്ജ് തോട്ടം എന്നിവർ പങ്കെടുത്തു. തുടർന്ന് *അമൃതം ഗായതി* സംഗീതപരിപാടി അരങ്ങേറി.

ഒക്ടോബർ 31 ന് രാവിലെ വി.ജെ.ടി. ഹാളിൽ നടന്ന *ആചാര്യപൂജ*യിൽ കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി മുഖ്യാതിഥിയായി പങ്കെടുത്തു. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് അധ്യക്ഷതവഹിച്ചു. എം.ടി.വാസുദേവൻനായർ, ഒ.എൻ.വി.കുറുപ്പ്, ടി.പത്മനാഭൻ, സുഗതകുമാരി, അടൂർ ഗോപാലകൃഷ്ണൻ, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, കാവാലം നാരായണപ്പണിക്കർ എന്നിവരെ കേരള സർക്കാർ സാംസ്കാരികവകുപ്പിനുവേണ്ടി ആദരിച്ചു. പാലോട് രവി എം.എൽ.എ., അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, ജോൺസാമുവൽ എന്നിവർ സംസാരിച്ചു.

രാവിലെ 10 മണിക്ക് നടന്ന *കഥപറച്ചിലിന്റെ രസതന്ത്രം* എന്ന കൂട്ടായ്മ സേതു ഉദ്ഘാടനം ചെയ്തു. അക്ബർ കക്കട്ടിൽ അധ്യക്ഷതവഹിച്ചു. അംബികാസുതൻ മാങ്ങാട്, വി.ആർ.സുധീഷ്, എം.രാജീവ്കുമാർ, സുഭാഷ്ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, വത്സലൻ വാതുശ്ശേരി എന്നിവർ കഥപറച്ചിലിന്റെ വേദിയിൽ ഒത്തുകൂടി. പി.വി.ശിവശങ്കരപ്പിള്ള സംസാരിച്ചു.

ഉച്ചതിരിഞ്ഞ് 2.30 ന് വി.ജെ.ടി. ഹാളിൽ നടന്ന *കവിയും കവിതയും* എന്ന പരിപാടി ബാലചന്ദ്രൻ ചുള്ളിക്കാട് ഉദ്ഘാടനം ചെയ്തു. ചെമ്മനം ചാക്കോ അദ്ധ്യക്ഷതവഹിച്ചു. ശ്രീകുമാരൻതമ്പി, ഡി.വിനയചന്ദ്രൻ, ആലങ്കോട് ലീലാകൃഷ്ണൻ, കിളിമാനൂർ മധു, ശിവകുമാർ അമ്പലപ്പുഴ, ചവറ കെ.എസ്.പിള്ള, അനിതാതമ്പി, അൻവർ അലി, കണിമോൾ, കെ.ആർ. ടോണി, എം.ആർ.രേണുകുമാർ എന്നിവർ കവിതകൾ അവതരിപ്പിച്ചു. ഇബ്രാഹിം ബേവിഞ്ച, വെള്ളനാട് സത്യൻ എന്നിവർ സംസാരിച്ചു.

വൈകുന്നേരം 5 ന് നടന്ന ആദരസന്ധ്യയിൽ സമാദരണീയരായ എഴുത്തുകാർക്ക് അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ പൊന്നാടയും ഫലകവും സമ്മാനിച്ചു. ആറ്റൂർ രവിവർമ്മ, ചെമ്മനം ചാക്കോ, ഓംചേരി

എൻ.എൻ.പിള്ള, യൂസഫലി കേച്ചേരി, പന്മന രാമചന്ദ്രൻനായർ, ഡോ. വി.ആർ.പ്രബോധചന്ദ്രൻനായർ, സാറാ തോമസ്, ഡോ.വെള്ളായണി അർജ്ജുനൻ, നീലപത്മനാഭൻ, പി.നാരായണക്കുറുപ്പ്, സുകുമാർ എന്നിവരാണ് ആദരസന്ധ്യയിൽ പങ്കെടുത്ത് മലയാളത്തിന്റെ ആദരം ഏറ്റുവാങ്ങിയത്. ചടങ്ങിൽ മന്ത്രി വി.എസ്.ശിവകുമാർ മുഖ്യാതിഥിയായിരുന്നു. പാലോട് രവി എം.എൽ.എ., ഡോ.സന്തോഷ് ജെ.കെ.വി. എന്നിവർ സംസാരിച്ചു. തുടർന്ന് ഗുരുഗോപിനാഥ് നടനകേന്ദ്രം അവതരിപ്പിച്ച ഓട്ടൻതുള്ളൽ, മോഹിനിയാട്ടം എന്നിവ അരങ്ങേറി.

രാവിലെ 10 ന് കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന മാതൃഭാഷാധ്യായനം എന്ന പരിപാടിൽ പ്രൊഫ.ഹൃദയകുമാരി മുഖ്യപ്രഭാഷണം നടത്തി. ഡോ.പി.കെ.തിലക്, പി.പ്രേമചന്ദ്രൻ, പ്രൊഫ.അമ്പലപ്പുഴ ഗോപകുമാർ, എം.ഡി.രാജേന്ദ്രൻ, പ്രൊഫ.കോശി തലയ്ക്കൽ എന്നിവർ സംസാരിച്ചു.

രാവിലെ 10 ന് *ജീവനസംസ്കൃതി* എന്ന സെമിനാറിൽ ഡോ.വി.എൻ. രാജശേഖരൻപിള്ള, സി. ആർ.നീലകണ്ഠൻ, കല്ലേൻ പൊക്കുടൻ, ഡോ. പി.വി.കരുണാകരൻ എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്ക് 2 മണിക്ക് *മലയാളത്തിന്റെ കഥാകാലങ്ങൾ* എന്ന സെമിനാറിൽ ടി.പത്മനാഭൻ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഡോ.കെ.എസ്.രവികുമാർ, ഡോ.എ.എം.ഉണ്ണികൃഷ്ണൻ, ഡോ.പി.എസ്.രാധാകൃഷ്ണൻ, ഇന്ദുമേനോൻ, കൈനകരി ഷാജി എന്നിവർ സംസാരിച്ചു.

വൈകീട്ട് 5 ന് *ആദാനപ്രദാനം മലയാളത്തിൽ* എന്ന സെമിനാറിൽ ഡോ.ദേശമംഗലം രാമകൃഷ്ണൻ, പ്രൊഫ.കോശി തലയ്ക്കൽ, എം.പി. സദാശിവൻ എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്ക് 2.30 ന് *വിജ്ഞാനസംസ്കൃതി* സെമിനാറിൽ ഡോ.എം.ആർ. തമ്പാൻ, ഡോ.എൻ.എ.കരീം, പ്രൊഫ.എം.കെ.പ്രസാദ്, ഡോ.ആർ.ഗോപിമണി, ഡോ.ആറന്മുള ഹരിഹരപുത്രൻ എന്നിവർ പ്രഭാഷണം നടത്തി.

5.30 ന് നടന്ന *നമ്മുടെ പാരമ്പര്യസംസ്കൃതി* എന്ന സമ്മേളനം ഡോ.ജി.ബാലമോഹൻതമ്പി ഉദ്ഘാടനം ചെയ്തു. മുൻ ചീഫ് സെക്രട്ടറി ആർ.രാമചന്ദ്രൻനായർ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ കെ.ഇ. എൻ., ഡോ.എം.ജി.ശശിഭൂഷൺ, ലതികാസുഭാഷ്, കെ.സി.നാരായണൻ, ഡോ.മുഞ്ഞിനാട് പത്മകുമാർ എന്നിവർ സംസാരിച്ചു.

രാവിലെ 10 മണിക്ക് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യാ ഹാളിൽ, ബുക്കൽ പ്രൈസ് ജേതാവും ആഫ്രിക്കൻ നോവലിസ്റ്റുമായ ബെൻ ഒക്രിയുമൊത്ത്, കേന്ദ്രമന്ത്രി ശശി തരൂർ സംവാദം നടത്തി. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി. ജോസഫ്, ബെൻ ഒക്രിയെ പൊന്നാടയണിച്ചു. അടൂർ ഗോപാലകൃഷ്ണൻ, പാലോട് രവി എം.എൽ.എ. എന്നിവർ പങ്കെടുത്തു.

രാവിലെ 10 മണിക്ക് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ *സംസ്കാരപഥങ്ങൾ: മലയാളിയുടെ എഴുത്തും ചിന്തയും* എന്ന സമ്മേളനം പ്രശസ്ത നോവലിസ്റ്റ് ആനന്ദ് ഉദ്ഘാടനം ചെയ്തു. ഡോ.ഡി.ബാബു പോൾ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പ്രൊഫ.ബി.രാജീവൻ, ഡോ. എ.എം.വാസുദേവൻപിള്ള, പി.സുരേന്ദ്രൻ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഉച്ചതിരിഞ്ഞ് 2.30 ന് എഴുത്തും ചിന്തയും എന്ന രണ്ടാം സമ്മേളനം സി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി.പി.നായർ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ആഷാമേനോൻ, കെ.വി.മോഹൻകുമാർ, അഞ്ചൽ കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.

രാവിലെ 11 ന് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ ഭാരതീയഭാഷകളിലെ സാഹിത്യകാരന്മാരുടെ സംഗമം നടന്നു. തമിഴ് എഴുത്തുകാരൻ ഇന്ദിര പാർത്ഥസാരഥി, പ്രശസ്ത ആംഗലേയകവയത്രിയും കൽക്കത്ത സിറ്റി കോളേജിലെ അദ്ധ്യാപികയുമായ ഷർമിള റേ എന്നിവർ പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് 2.30 ന് നടന്ന പ്രവാസിസമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനംചെയ്തു. അസ്മോ പുത്തൻചിറ, കുരീപ്പുഴ ജോസ് ആന്റണി, പത്രപ്രവർത്തക മീനു എലിസബത്ത് മാത്യു, വി. ആർ.പ്രതാപൻ, ഷാജി മാത്യു എന്നിവർ സംസാരിച്ചു. വേൾഡ് മലയാളി കൗൺസിൽ പ്രസിദ്ധീകരിച്ച *ഇൻട്രോഡക്ഷൻ ടു കേരളാ സ്റ്റഡീസ്* എന്ന ഗ്രന്ഥം മന്ത്രി കെ.സി.ജോസഫിനു നൽകി മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രകാശനം ചെയ്തു. വൈകുന്നേരം 6.30 ന് ചന്ദ്രശേഖരൻനായർസ്റ്റേഡിയത്തിൽ നാഴിയൂരിപ്പാലുകൊണ്ട്...സംഗീതസന്ധ്യ അരങ്ങേറി.

മൂന്നാംദിവസമായ നവംബർ 1 ന് വി.ജെ.ടി. ഹാളിൽ *കഥപറച്ചിലിന്റെ രസതന്ത്രം-2* സക്കറിയ ഉദ്ഘാടനംചെയ്തു. കെ.എൽ.മോഹനവർമ്മ അധ്യക്ഷതവഹിച്ചു. മുണ്ടൂർ സേതുമാധവൻ, പി.ആർ.നാഥൻ, ഡോ.ഖദീജ മുംതാസ്, കെ.എ.സെബാസ്റ്റ്യൻ, സതീഷ് ബാബു പയ്യന്നൂർ, ബാബു കുഴിമറ്റം, ജോർജ്ജ് ജോസഫ് കെ. എന്നിവർ പങ്കെടുത്തു.

രാവിലെ 10 മണിക്ക് കനകക്കുന്ന് കൊട്ടാരത്തിൽ *മലയാളത്തിന്റെ കവിതാകാലങ്ങൾ* എന്ന സെമിനാറിൽ ഒ.എൻ.വി.കുറുപ്പ് മുഖ്യപ്രഭാഷണം നടത്തി. സച്ചിദാനന്ദൻ, ഡോ.കെ.വി.ദിലീപ്കുമാർ, ഡോ.എം.വി. മനോജ്, എം.ഡി.രാജേന്ദ്രൻ, ഡോ.അജിതൻ മേനോത്ത് എന്നിവർ പ്രസംഗിച്ചു.ഉച്ചതിരിഞ്ഞ് നടന്ന *മലയാളത്തിന്റെ നോവൽകാലങ്ങൾ* എന്ന സെമിനാറിൽ അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഡോ.ഖദീജ മുംതാസ്, പ്രൊഫ.തുമ്പമൺ തോമസ്, അക്ബർ കക്കട്ടിൽ എന്നിവർ സംസാരിച്ചു.

രാവിലെ 10 മണിക്ക് കനകക്കുന്ന് പുസ്തകോത്സവ ഓഡറ്റോറിയത്തിൽ നടന്ന *മലയാളത്തിന്റെ വിമർശനകാലങ്ങൾ* എന്ന സെമിനാറിൽ ഡോ.വി.രാജകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ഡോ.പി.കെ.രാജശേഖരൻ, ഡോ.സി.ആർ.പ്രസാദ്, ഡോ.പ്രമീളാദേവി, ഡോ.ഡി.ബെഞ്ചമിൻ എന്നിവർ സംസാരിച്ചു. ഉച്ചതിരിഞ്ഞ് 2 മണിക്ക് നടന്ന *നമ്മുടെ പാരമ്പര്യസംസ്കൃതി* എന്ന രണ്ടാം സെമിനാർ ഡോ.ബി.ഇക്ബാൽ ഉദ്ഘാടനംചെയ്തു. ഡോ.സി.ജെ.റോയ്, ഫാ. എ.അടപ്പൂർ, ജി.ശങ്കർ, ഡോ. ലീന ലിയോൺ എന്നിവർ സംസാരിച്ചു.

രാവിലെ 10 മണിക്ക് ഒളിമ്പ്യാ ചേമ്പറിൽ അന്യഭാഷാ എഴുത്തുകാരുടെ സംഗമം നടന്നു. ഡോ. സിർപ്പി ബാലസുബ്രഹ്മണ്യം, ഡോ.സിദ്ധലിംഗ പട്ടാൻഷെട്ടി, ഡോ.ഹേമ പട്ടാൻഷെട്ടി, അനിതാനായർ എന്നിവർ പങ്കെടുത്തു. ഡോ.സന്തോഷ് ജെ.കെ.വി., പ്രൊഫ.ജോളി വർഗ്ഗീസ് എന്നിവർ സംസാരിച്ചു. ഉച്ചതിരിഞ്ഞ് 2.30 ന് നടന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മലയാളത്തനിമ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ തുടക്കം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഭാഷാകമ്പ്യൂട്ടിംഗ് സെമിനാറിൽ ഡോ.അച്യുത്ശങ്കർ, അശോക് കുമാർ, ഡോ.ഷിബു ശ്രീധരൻ, വി.കെ.മോഹനൻ എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്ക് 2.30 ന് വി.ജെ.ടി.ഹാളിൽ *മലയാളത്തിന്റെ നാടകകാലങ്ങൾ* എന്ന സെമിനാറിൽ കാവാലം നാരായണപ്പണിക്കർ മുഖ്യപ്രഭാഷണം നടത്തി. ടി.എം.അബ്രഹാം, പി.ബാലചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഉച്ചതിരിഞ്ഞ് 3 മണിക്ക് നടന്ന മലയാളഭാഷാദിനാചരണം ഡോ.ഡി. ബാബുപോൾ ഉദ്ഘാടനംചെയ്തു. പാലോട് രവി എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. എം.വി.തോമസ്, വി.കെ.നാരായണൻ, ടി.ടി.പ്രഭാകരൻ, നെടുമുടി ഹരികുമാർ എന്നിവർ സംസാരിച്ചു. വൈകീട്ട് 4.30 ന് ഒളിമ്പ്യാ ചേമ്പറിൽ നടന്ന വിശ്വമലയാളമഹോത്സവത്തിന്റെസമാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ എൻ.ശക്തൻ, പാലോട് രവി എം.എൽ.എ., ബിഷപ്പ് ഡോ. സാമുവൽ മാർ ഐറേനിയസ്, പി.എസ്.സി. ചെയർമാൻ ഡോ.കെ.എസ്.രാധാകൃഷ്ണൻ, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, സി.പി.നായർ, അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, സാംസ്കാരികവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻപീറ്റർ ഐ.എ.എസ്., വിശ്വമലയാളമഹോത്സവം ജനറൽ കൺവീനർ ജോൺ സാമുവൽ എന്നിവർ സംസാരിച്ചു.

**കലാപരിപാടികൾ**

വിശ്വമലായാളമഹോത്സവത്തിന്റെ ഔപചാരിമായ ഉദ്ഘാടനവേദിയായ സെനറ്റ് ഹാളിൽ സമ്മേളനത്തെത്തുടർന്ന് സൂര്യകൃഷ്ണമൂർത്തി സംവിധാനം ചെയ്ത ഭാരതം കേരളം എന്ന നൃത്തശില്പം അരങ്ങേറി.

വി.ജെ.ടി.ഹാളിൽ ഗുരുഗോപിനാഥ് നടനകേന്ദ്രം അവതരിപ്പിച്ച കേരളനടനം, സംഘനൃത്തം എന്നിവയും കനകക്കുന്ന് പുസ്തകോത്സവ ഓഡിറ്റോറിയത്തിൽ മാർത്തോമാകേന്ദ്രം അവതരിപ്പിച്ച കാറൽമാൻ ചരിതം ചവിട്ടുനാടകവും ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ രമേശ്നാരായൻ, ശങ്കരൻനമ്പൂതിരി, സ്റ്റീഫൻ ദേവസി, ആറ്റുകാർ ബാലസുബ്രഹ്മണ്യം എന്നിവർ അവതരിപ്പിച്ച അമൃതംഗായതി ഫ്യൂഷൻ സംഗീതവും അരങ്ങേറി. ഗാന്ധിമതി ബാലനായിരുന്നു കോ-ഓഡിനേറ്റർ.

ഒക്ടോബർ 31 ന് വി.ജെ.ടി.ഹാളിൽ ഗുരുഗോപിനാഥ് നടകകേന്ദ്രത്തിലെ കലാകാരന്മാർ അവതരിപ്പിച്ച ഓട്ടൻതുള്ളൽ, മോഹിനിയാട്ടം എന്നിവ നടന്നു. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ മലയാളസാഹിത്യകൃതികളിൽനിന്നു തെരഞ്ഞെടുത്ത ഗാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള *നാഴിയൂരിപ്പാലുകൊണ്ട്* സംഗീതസന്ധ്യ നടന്നു. പി.ജയചന്ദ്രൻ, ബി.വസന്ത, ശ്രീകാന്ത്, കല്ലറ ഗോപൻ, സുദീപ്കുമാർ, ജ്യോത്സന, രാജലക്ഷ്മി, അപർണ്ണ രാജീവ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. നവംബർ 1 ന് വൈകീട്ട് 6.30 ന് സൂര്യകൃഷ്ണമൂർത്തി ആവിഷ്കാരം നിർവ്വഹിച്ച വിവധ നാടോടി ക്ലാസിക് പാരമ്പരാഗത നൃത്ത രംഗാവിഷ്കാരം ഉൾക്കൊള്ളുന്ന *നാട്ടറിവുകൾ* ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്നു.

## സമാന്തരപരിപാടികൾ

### തിരുവനന്തപുരം പുസ്തകമേള

വിശ്വമലയാളമഹോത്സവത്തിന്റെ ഭാഗമായി സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പുസ്തകമേള സംഘടിപ്പിച്ചു. ശ്രീ. എം.ടി.വാസുദേവൻനായർ ഉദ്ഘാടനംചെയ്തു. ശ്രീ. സേതു, ശ്രീമതി ബൃന്ദ, ഡോ.ശശി തരൂർ എം.പി., ശ്രീ.പെരുമ്പടവം ശ്രീധരൻ, ഡോ.കുര്യാസ് കുമ്പളക്കുഴി, ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അഖില കേരള ചിത്രരചനാമത്സരത്തിന്റെ സമ്മാനവിതരണവും പുസ്തകമേള പുരസ്കാരസമർപ്പണവും, പുസ്തകപ്രകാശനങ്ങളും ഇതിന്റെ ഭാഗമായി നടന്നു.

### ചിത്രഭാഷ-ചിത്രപ്രദർശനം

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ ചിത്രപ്രദർശനം നടന്നു. ഒക്ടോബർ 29 രാവിലെ 10 മണിക്ക് ചലച്ചിത്ര സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്തു.

ആർട്ടിസ്റ്റ് നമ്പൂതിരി, എം,വി.ദേവൻ, അഭിമന്യു, അജയകുമാർ, അനുരാധാ നാലപ്പാട്ട്, ബാബു നമ്പൂതിരി, ബോസ് കൃഷ്ണമാചാരി, ടി.കെ. ഹരീന്ദ്രൻ, ജനാർദ്ദനൻ കോട്ടേമ്പ്രം, ജ്യോതിബസു, മുരളി ചീരോത്ത്,

മുത്തുക്കോയ എൻ.കെ.പി., നിജീന നീലാംബരൻ, ജി.രാജേന്ദ്രൻ, പ്രൊഫ. കെ.കെ.രാജപ്പൻ, കെ.പി.റെജി, രാജൻ എം. കൃഷ്ണൻ, എ. എസ്.സജിത്, സജിത ആർ. ശങ്കർ, ശശിധരൻ എം. സുരേഷ് കെ.നായർ ലളിതകലാ അക്കാദമി ചെയർമാൻ കെ.എ.ഫ്രാൻസിസ്, സെക്രട്ടറി ശ്രീമൂലനഗരം മോഹൻ എന്നിവർ പങ്കെടുത്തു.

## പൊതുജനസമ്പർക്കപരിപാടികൾ

### തൽസമയ വെബ്സൈറ്റ് സംപ്രേഷണം

വിശ്വമലയാളമഹോത്സവത്തിന്റെ പരിപാടികൾ തൽസമയം കാണുന്നതിനുള്ള സൗകര്യമൊരുക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മലയാളികൾക്ക് വിശ്വമലയാളമഹോത്സവത്തിന്റെ ഓരോ ദൃശ്യങ്ങളുമെത്തിക്കാൻ തിരുവനന്തപുരത്തെ സർക്കാർ സ്ഥാപനമായ സി.ഡിറ്റിനെ ചുമതലപ്പെടുത്തി. വളരെ വിജയകരമായിദൃശ്യങ്ങൾ എത്തിക്കാൻസാധിച്ചു.

### മീഡിയ സെന്റർ പ്രവർത്തനം

വിശ്വമലയാളമഹോത്സവത്തിന്റെ വാർത്തകൾ പത്ര-ദൃശ്യമാധ്യമങ്ങളിൽ എത്തിക്കുന്നതിനായി പബ്ലിസിറ്റി കമ്മിറ്റിയുടെ കീഴിൽ ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ മീഡിയ സെന്റർ പ്രവർത്തനമാരംഭിച്ചു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം സാംസ്കാരികവകുപ്പ് മന്ത്രി കെ. സി.ജോസഫ് നിർവ്വഹിച്ചു. പബ്ലിക് റിലേഷൻ വകുപ്പിന്റെ സഹകരണത്തോടെ ഒക്ടോബർ 23 മുതൽ പ്രവർത്തനമാരംഭിച്ചു. സമ്മേളനത്തിന് മുന്നോടിയായി വാർത്തകൾ എത്തിക്കുന്നതിലും പ്രചരണപരിപാടികൾക്ക് വിജയം കണ്ടെത്തുന്നതിലും മീഡിയ സെന്റർ ഏറെ സഹായകരമായി.

### മഹാരഥന്മാരുടെ അർദ്ധകായപ്രതിമകൾ പ്രദർശിപ്പിച്ചു

മലയാളഭാഷയ്ക്കും സാഹിത്യത്തിനും ജീവിതം സമർപ്പിച്ച മൺമറഞ്ഞ മഹാപ്രതിഭകൾക്ക് ആദരവർപ്പിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിന്റെ പ്രധാനഭാഗങ്ങളിൽ സ്ഥാപിച്ച അർദ്ധകായപ്രതിമകൾ വിശ്വമലയാളമഹോത്സവത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരുന്നു. ചെറുശ്ശേരി, തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ബെഞ്ചമിൻ ബെയ്‌ലി, ഡോ.ഹെർമ്മൻ ഗുണ്ടർട്ട്, ചന്തുമേനോൻ, സി.വി.രാമൻപിള്ള,വള്ളത്തോൾ, ചങ്ങമ്പുഴ എന്നിവരുടെ അർദ്ധകായപ്രതിമകൾ വിശ്വമലയാളമഹോത്സവത്തിന്റെ മഹത്തായ വിളംബരമായി ആദരപൂർവ്വം സ്ഥാപിച്ചു.

### എഫ്.എം.റേഡിയോ പരസ്യം

വിശ്വമലയാളമഹോത്സവത്തെക്കുറിച്ചുള്ള അതതുദിവസത്തെ പ്രധാനപരിപാടികളെക്കുറിച്ചുള്ള വാർത്തകൾ എഫ്.എം.റേഡിയോ വഴി ശ്രോതാക്കളിലെത്തിച്ചു. ശ്രദ്ധേയമായ രീതിയിൽ സമ്മേളനപരിപാടികളുടെ പരസ്യങ്ങൾ എത്തിക്കാൻ ഇതുമൂലം കഴിഞ്ഞു.

**അഴീക്കോട് അനുസ്മരണം (2013 ജനുവരി 24)**

സാംസ്കാരികകേരളത്തെ നിതാന്തജാഗ്രതയാർന്ന വിമർശനത്തിലൂടെ ഉണർത്തിനിർത്തിയ വിചാരശില്പികളിൽ മുഖ്യസ്ഥാനീയനായ ഡോ.സുകുമാർ അഴീക്കോടിന്റെ ഒന്നാം ചരമവാർഷിക അനുസ്മരണം 2013 ജനുവരി 24 വ്യാഴാഴ്ച അക്കാദമി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷവഹിച്ച യോഗത്തിൽ *അഴീക്കോടിന്റെ ധൈഷണികലോകം* എന്ന വിഷയത്തിൽ പ്രൊഫ. എം. തോമസ് മാത്യു അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. മേയർ ഐ.പി.പോൾ, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., പ്രൊഫ. ജി. ബാലചന്ദ്രൻ, ഡോ.പി.വി.കൃഷ്ണൻനായർ എന്നിവർ സംസാരിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും ഡോ. അജിതൻ മേനോത്ത് നന്ദിയും പറഞ്ഞു.

**ദേശീയ പുസ്തകോത്സവം അക്ഷരപ്പെരുമ സാംസ്കാരികോത്സവം (ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെ)**

മലയാളിയുടെ നിത്യജീവിതത്തിനും ഭാവിസങ്കൽപ്പങ്ങൾക്കും അർത്ഥസാന്ദ്രമായ ഒരു ദിശാസൂചിയായി മാറിയ കേരള സാഹിത്യ അക്കാദമിയുടെ ദേശീയ പുസ്തകോത്സവവും-അക്ഷരപ്പെരുമ സാംസ്കാരികോത്സവവും 2013 ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെ അക്കാദമി അങ്കണത്തിൽ നടന്നു.

**ഒന്നാംദിവസം**

പത്തുദിവസം നീണ്ടുനിന്ന സാംസ്കാരികപരിപാടികളും സംവാദങ്ങളും നിറഞ്ഞ പുസ്തകോത്സവം പ്രശസ്ത നോവലിസ്റ്റ് ആനന്ദ് ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അധ്യക്ഷതവഹിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ പുസ്തകോത്സവപരിപാടികളെക്കുറിച്ച് വിശദീകരിച്ചു. സ്വാഗതസംഘം ചെയർമാൻകൂടിയായ തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. സാംസ്കാരികോത്സവത്തിന്റെ വിളംബരപ്രഖ്യാപനം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.ദാസൻ, ലളിതകലാ അക്കാദമി ചെയർമാൻ കെ.എ.ഫ്രാൻസിസ്, കൗൺസിലർ പ്രൊഫ.അന്നം ജോൺ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

ഉച്ചതിരിഞ്ഞ് ഡി.വിനയചന്ദ്രൻ അനുസ്മരണത്തിൽ കാവ്യാലാപനം നടന്നു. പ്രമുഖ എഴുത്തുകാരും സാംസ്കാരികനായകരും യശഃശരീരനായ കവിയെ അനുസ്മരിച്ച് സംസാരിച്ചു. തുടർന്ന് ശ്രീവത്സൻ ജെ.മേനോൻ അവതരിപ്പിച്ച മേഘരഞ്ജിനി-സംഗീതപരിപാടിയും അരങ്ങേറി.

**രണ്ടാംദിവസം**

ഫെബ്രു. 24 ന് സംഘടിപ്പിച്ച സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ചിത്രരചനാമത്സരം തൃശൂർ ഐ.ജി. എസ്. ഗോപിനാഥ് ഉദ്ഘാടനംചെയ്തു.

വേദി ഒന്നിൽ നടന്ന കവിയരങ്ങ് ആറ്റൂർ രവിവർമ്മ ഉദ്ഘാടനംചെയ്തു. വിജയലക്ഷ്മി അധ്യക്ഷതവഹിച്ചു. പി.പി.രാമചന്ദ്രൻ, വി.ജി.തമ്പി, റഫീക് അഹമ്മദ്, അനിൽ പനച്ചൂരാൻ, കെ.വി.ബേബി, പി.എൻ.ഗോപീകൃഷ്ണൻ, അൻവർ അലി, ഡോ.റോസി തമ്പി, പാലോട് വാസുദേവൻ, കുഴൂർ വിത്സൻ, കെ.ആർ.ടോണി, രോഷ്നി സ്വപ്ന, വിജേഷ് എടക്കുന്നി, സെബാസ്റ്റ്യൻ, വർഗീസാന്റണി തുടങ്ങിയവർ കവിയരങ്ങിൽ പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് പി.ഭാസ്കരന്റെ സ്മരണയിൽ നടന്ന *നമ്മുടെ പാട്ടുകാലം* സെമിനാർ സംഗീതസംവിധായകൻ വിദ്യാധരൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. എം.ഡി.രാജേന്ദ്രൻ അധ്യക്ഷതവഹിച്ചു. ഗാനരചനാരംഗത്ത് ശ്രേഷ്ഠസംഭാവനകൾ നൽകിയ ജി.കെ.പള്ളത്തിനെ, വിദ്യാധരൻമാസ്റ്റർ പൊന്നാടയണിച്ച് ആദരിച്ചു. രമേഷ് ഗോപാലകൃഷ്ണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ജയകൃഷ്ണൻ പൊന്നാനി, ഹനീഫ്, രോഷ്നി സ്വപ്ന, വിജയലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് *ഇഷ്ടഗാനങ്ങളുടെ പാട്ടരങ്ങ്* അരങ്ങേറി.

**മൂന്നാംദിവസം**

ഫെബ്രു. 25 ന് നടന്ന *മുഖാമുഖം* പരിപാടിയിൽ സതീഷ്ബാബു പയ്യന്നൂർ പങ്കെടുത്തു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. കെ.ജെ.പോൾസൻ അവതരിപ്പിച്ച സിത്താർ കച്ചേരിയും നടന്നു.

**നാലാംദിവസം**

ഫെബ്രു.26 ന് രാവിലെ കലാസാഹിത്യമത്സരങ്ങൾ സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻപീറ്റർ ഉദ്ഘാടനം ചെയ്തു. തുടർന്ന് കലാലയവിദ്യാർത്ഥികൾക്കയുള്ള ലളിതഗാനമത്സരം നടന്നു. വൈകീട്ട് 4.30 ന് പി.ഗോവിന്ദപ്പിള്ള അനുസ്മരണപ്രഭാഷണത്തിൽ *ഉറങ്ങാത്ത വായനക്കാരൻ* എന്ന വിഷയത്തിൽ വൈശാഖൻ പ്രബന്ധം അവതരിപ്പിച്ചു. ഡോ.കാവുമ്പായി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. ഫാദർ വി.പി.ജോസഫ് സ്വാഗവും കടാങ്കോട് പ്രഭാകരൻ നന്ദിയും പറഞ്ഞു.

തുടർന്നു നടന്ന *മുഖാമുഖത്തിൽ* ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള സംസാരിച്ചു. തുടർന്ന് സദസ്സുമായുള്ള സംവാദവും നടന്നു. ഡോ. ഷൊർണ്ണൂർ കാർത്തികേയൻ അധ്യക്ഷതവഹിച്ചു.

**അഞ്ചാംദിവസം**

ഫെബ്രു. 27 ന് രാവിലെ 10 ന് അഖില കേരള അക്ഷരശ്ലോകപരിഷത്തിന്റെ സഹകരണത്തോടെ അക്ഷരശ്ലോകസദസ്സ് നടന്നു. ഉച്ചതിരിഞ്ഞ് 4 ന് മലയാളപ്പെരുമ പ്രഭാഷണം മഹാകവി അക്കിത്തം ഉദ്ഘാടനംചെയ്തു. പ്രൊഫ.കെ.പി.ശങ്കരൻ അധ്യക്ഷതവഹിച്ച ചടങ്ങിൽ *മലയാളം*

*എന്ന ശ്രേഷ്ഠഭാഷ* എന്ന വിഷയത്തിൽ ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ പ്രഭാഷണംനടത്തി. ഡോ.അജിതൻ മേനോത്ത് സ്വാഗതവും ഡോ.ആർ.ശ്രീലതാവർമ്മ നന്ദിയും പറഞ്ഞു.

**ആറാംദിവസം**

ഇന്ത്യൻസിനിമയുടെ നൂറാംവാർഷികാഘോഷവേളയിൽ അതുല്യകലാകാരനായ പത്മശ്രീ മധുവിനെ കേരളസാഹിത്യ അക്കാദമി ആദരിച്ചു. *വിശ്വസാഹിത്യപ്പെരുമ*-സെമിനാർ പ്രൊഫ.എം.കെ.സാനു ഉദ്ഘാടനംചെയ്തു. അക്കാദമി നിർവ്വാഹസമിതിയംഗം ജോസ് പനച്ചിപ്പുറം അധ്യക്ഷനായി. *ചാൾസ് ഡിക്കൻസിന്റെ 200 വർഷങ്ങൾ* എന്ന വിഷയത്തിൽ ഡോ.ഡി.ബെഞ്ചമിൻ സംസാരിച്ചു. അക്കാദമി അംഗം ജോൺ സാമുവൽ സ്വാഗതവും പ്രൊഫ.എം.ഹരിദാസ് നന്ദിയും പറഞ്ഞു.

**ഏഴാംദിവസം**

കേരള സാഹിത്യ അക്കാദമിയുടെ ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി പുസ്തകങ്ങളുടെ പ്രകാശനം നടന്നു. പി.ടി.വർഗ്ഗീസ് എഴുതിയ സത്യൻ ജീവിതവും സിനിമയും, പ്രേംനസീർ ജീവിതവും സിനിമയും, പി.ശ്രീജയുടെ കയ്യൊപ്പ് (കവിതാസമാഹാരം), വിനോദ് കോട്ടയിലിന്റെ വിജയത്തിന്റെ ആദ്യാക്ഷരങ്ങൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു. പി.ബാലചന്ദ്രൻ അദ്ധ്യക്ഷനായി. വിജേഷ് എടക്കുന്നി, സി.ആർ., എസ്.ഗോപിനാഥ് ഐ.ജി. എന്നിവർ പുസ്തകപ്രകാശനം നടത്തി. സത്യചന്ദ്രൻ പൊയിൽക്കാവ്, സി.ആർ.രാജൻ, ഡോ.ജോസ്ഫിൻ ജോസഫ് എന്നിവർ പുസ്തകം സ്വീകരിച്ചു. എം.ദിവ്യ, തൃശൂർ സിറ്റി അസി.പോലീസ് കമ്മീഷൻ ഷാഹുൽ ഹമീദ് തുടങ്ങിയവരും സംസാരിച്ചു.

ഗാന്ധിപീസ് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച 'മഹാത്മാവിന്റെ മൂന്നു ദിനങ്ങൾ' എന്ന സത്യൻ മൊരീക്കാടിന്റെ പുസ്തകം പ്രൊഫ.പി.നാരായണമേനോൻ പ്രകാശനംചെയ്തു. തൃശൂർ പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട ജോയ് എം. മണ്ണൂർ പുസ്തകം ഏറ്റുവാങ്ങി. സി.എൻ.ഗോപിനാഥ്, സി.എൻ.നാരായണൻ, പി.വി.ഗംഗാധരൻ, വി.ഐ.ജോൺസൻ എന്നിവരും സംസാരിച്ചു.

വി.ജി,തമ്പിയുടെ ലേഖനസമാഹാരം 'നിശ്ശബ്ദനായിരിക്കാൻ അവകാശമുണ്ട്' അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, ചലച്ചിത്ര നിരൂപകൻ പ്രൊഫ.ഐ.ഷൺമുഖദാസിന് നൽകി പ്രകാശനം ചെയ്തു. റഷീദ് പാറക്കലിന്റെ 'മുറ്റത്തെ മൂവാണ്ടൻ' എന്ന നോവൽ അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ പ്രകാശനം ചെയ്തു. പി.എം. കുമാരൻനായർ മൊഴിമാറ്റം ചെയ്തു ഗുരുദത്തിന്റെ നോവൽ 'ഭാനുമിത്രൻ' , സുസ്മേഷ് ചന്ദ്രോത്തിന്റെ കഥാസമാഹാരം 'സങ്കടമോചനം' എന്നിവയും പ്രകാശനം ചെയ്തു. പി.സി.ചാക്കോ എം.പി., വി.സി.കബീർ,

അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ തുടങ്ങിയവരും സംസാരിച്ചു.

ലിപി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച മൂന്നു പുസ്തകങ്ങൾ പ്രകാശിതമായി. പ്രകാശൻ ചുനങ്ങാടിന്റെ മുക്കുറ്റികൾ പൂത്തുന്ന ഗ്രാമം എന്ന നോവൽ വൈശാഖൻ, പ്രൊഫ. കെ.കെ.ഹിരണ്യനു നൽകി പ്രകാശനം ചെയ്തു. എം.ഗോകുൽദാസിന്റെ മഴപെയ്യുമ്പോൾ എന്ന പുസ്തകം അശോകൻ ചരുവിൽ, ഡോ.റോസിതമ്പിയ്ക്ക് നൽകിയും കുഞ്ഞിക്കണ്ണൻ വാണിമേൽ എഡിറ്റുചെയ്ത മഞ്ഞുകാലകഥകൾ വൈശാഖൻ, ഗായത്രിക്ക് നൽകിയും പ്രകാശനം ചെയ്തു.

ശ്രീ.പ്രകാശ് ഒറ്റപ്പാലം, എൻ.ബാലകൃഷ്ണൻ, റോഷ്നി സ്വപ്ന, പ്രകാശൻ ചുനങ്ങാട്, കുഞ്ഞിക്കണ്ണൻ വാണിമേൽ, എം.ഗോകുൽ ദാസ് എന്നിവർ പ്രസംഗിച്ചു. വിജയൻ വള്ളിക്കാവിന്റെ പുസ്തകങ്ങളും പ്രകാശനം ചെയ്തു.

**ഏട്ടാംദിവസം**

ഭാരതീയ ആത്മീയചൈതന്യത്തെ അപരിമിതമായ സർഗ്ഗാത്മകത കൊണ്ട് വിവിധ സാഹിത്യശാഖകൾ വഴി തലമുറകളായി ജനമനസ്സുകളിൽ പ്രതിഷ്ഠിച്ചതാണ് മഹാകവി രവീന്ദ്രനാഥടാഗോറിന്റെ സവിശേഷതയെന്ന് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ഡോ.കെ.ജയകുമാർ പറഞ്ഞു. പുസ്തകോത്സവവേദിയിൽ നടന്ന ടാഗോർ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കവിത, നാടകം, കഥ, സംഗീതം,ചിത്രകല തുടങ്ങിയ വിവിധ രംഗങ്ങളെ സർഗ്ഗാത്മകമായി ഏകോപിപ്പിക്കുകയും അപരിമിതമായ ചൈതന്യം നൽകുകയും ചെയ്ത ജീനിയസ് എന്ന നിലയിൽ ഇന്ത്യയിൽ ടാഗോറിനെപ്പോലെ മറ്റാരുമില്ലെന്ന് സെമിനാറിൽ അദ്ധ്യക്ഷതവഹിച്ച ആഷാമേനോൻ അഭിപ്രായപ്പെട്ടു. നോവലിസ്റ്റ് ആനന്ദ് അതിഥിയായി പങ്കെടുത്തു. ഡോ.എം.ജി.എസ്.നാരായണൻ മുഖ്യപ്രഭാഷണം നടത്തി. വിജയകുമാർ മേനോൻ( ടാഗോർ അനുഭവം-ചിത്രകല), ഡോ. ദേശമംഗലം രാമകൃഷ്ണൻ (ടാഗോർ അനുഭവം-സാഹിത്യം), സുനിൽ ഞാളിയത്ത് (ടാഗോർ അനുഭവം-വിവർത്തനം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും ഐ.& പി.ആർ.ഡി.അസി.എഡിറ്റർ പി.സി.സുരേഷ്കുമാർ നന്ദിയും പറഞ്ഞു.

ഉച്ചതിരിഞ്ഞ് 3.30 ന് സമുന്നതരായ ഗ്രന്ഥശാലാ പ്രവർത്തകർക്കുള്ള സമാദരണം നടന്നു. കേരളത്തിന്റെ സാംസ്കാരികരംഗത്തെ ജീർണ്ണതകൾ ഇല്ലാതാക്കാൻ വായനയെ തിരിച്ചുകൊണ്ടുവരണമെന്ന് സാംസ്കാരികവകുപ്പുമന്ത്രി കെ.സി.ജോസഫ് പറഞ്ഞു. സമാദരണചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രന്ഥശാലാ

പ്രവർത്തനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച് നിസ്വാർത്ഥരായി പ്രവർത്തിച്ച പി.ശിവദാസൻ മാസ്റ്റർ, കെ.പി.എൻ.നമ്പീശൻ, പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര, പി.എം.സെയ്തുമുഹമ്മദ് എന്നിവരെ പൊന്നാടയണിയിച്ച് മന്ത്രി കെ.സി.ജോസഫ് ആദരിച്ചു. എം.എൽ.എ.മാരായ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ, എം.പി.വിൻസെന്റ്, അഡ്വ.തോമസ് ഉണ്ണിയാടൻ എന്നിവരും സംസാരിച്ചു. അനാരോഗ്യം മൂലം ശ്രീ.കെ.എം. ചുമ്മാറിന് ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചില്ല.

5 മണിക്ക് നടന്ന ഇന്ത്യൻ സിനിമയുടെ നൂറ് വർഷങ്ങൾ-സെമിനാർ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സിനിമയുടെ ചരിത്രമെന്നു പറയുമ്പോൾ രാജ്യത്തെ പ്രാദേശികഭാഷയിലുള്ള സിനിമകൾ ഉൾപ്പെടെയുള്ളവയുടെ ചരിത്രമാണെന്ന അവബോധം ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു,

തുടർന്ന് രൂപശ്രീദാസും (ശാന്തിനികേതൻ) സംഘവും അവതരിപ്പിച്ച രബീന്ദ്രസംഗീതം അരങ്ങേറി.

**ഒമ്പതാംദിവസം**

രാവിലെ 10 മണിക്ക് കലാലയവിദ്യാർത്ഥികൾക്കായുള്ള പകർന്നാട്ടം മത്സരപരിപാടി ആരംഭിച്ചു. അക്കാദമി വൈലോപ്പിള്ളിഹാളിൽ പക്ഷിനിരീക്ഷണപരിശീലനകളരി നടന്നു. ശ്രീ. പന്ന്യൻ രവീന്ദ്രന്റെ ചരിത്രം രചിച്ച് ചരിത്രമായവർ എന്ന പുസ്തകത്തിന്റെ പ്രകാശനം അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ നിർവ്വഹിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ ആദ്യപ്രതി സ്വീകരിച്ചു. പി.ബാലചന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. കെ.കെ.വത്സരാജ്, അഡ്വ.കെ.രാജൻ, ഇ.എം.സതീശൻ, ലാൽ എന്നിവരും സംസാരിച്ചു.

ഉച്ചതിരിഞ്ഞ് 4.30 ന് കഥയും നോവലും എഴുത്തിന്റെ അനുഭവലോകം എന്ന വിഷയത്തിൽ സെമിനാറും പുസ്തകപ്രകാശനവും നടന്നു. തുടർന്ന് 6.30 നിസാ അസീസിയുടെ 'എത്രമധുരമായി പാടുന്നു നീ' ഗസൽ പരിപാടി അരങ്ങേറി.

**പത്താംദിവസം**

രാവിലെ 10 മണിക്ക് ജൂബിലി മന്ദിരത്തിൽ കലാലയവിദ്യാർത്ഥികൾക്കായുള്ള സാഹിത്യക്വിസ് മത്സരം നടന്നു. അക്കാദമി വൈലോപ്പിള്ളി ഹാളിൽ ബ്ലോഗെഴുത്തും മുഖ്യധാരസാഹിത്യവും എന്ന വിഷയത്തിൽ സെമിനാർ നടന്നു. അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ ഉദ്ഘാടനം ചെയ്തു. മലയാളമാധ്യമരംഗത്ത് ഗണ്യമായ ചലനം സൃഷ്ടിക്കാൻ ബ്ലോഗ് എഴുത്തിന് കഴിഞ്ഞുവെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ എ.സഹദേവൻ പറഞ്ഞു. വി.കെ.ആദർശ്, ഡോ.ജയൻ ഏവൂർ, റോഷ്നി സ്വപ്ന, ഫേവർ ഫ്രാൻസിസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് 3.30 ന് ലിപി പബ്ലിക്കേഷൻ, കറന്റ് ബുക്സ് എന്നീ പ്രസാധകരുടെ പുസ്തകങ്ങളുടെ പ്രകാശനം നടന്നു.

5.30 ന് നടന്ന മുഖാമുഖത്തിൽ സി.രാധാകൃഷ്ണൻ സംസാരിച്ചു. തുടർന്ന് ഗ്രന്ഥശാലാപ്രസ്ഥാനവും സാംസ്കാരികനവോത്ഥാനവും എന്ന വിഷയത്തിൽ പ്രഭാഷണം നടന്നു. 7 മണിക്ക് മണിയൂർ അകം നാടക വേദിയുടെ തുന്നൽക്കാരൻ എന്ന നാടകാവതരണം നടന്നു.

**പതിനൊന്നാംദിവസം**

ഉച്ചതിരിഞ്ഞ് 3.30 ന് ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച മലയാളത്തിന്റെ സുവർണ്ണകഥകൾ എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നു.

5 മണിക്ക് നടന്ന സമാപനസമ്മേളനം അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.ഉദ്ഘാടനം ചെയ്തു. അക്കാദാമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. കേരള സംഗീതനാടക അക്കാദമി സെക്രട്ടറി ഡോ.പി.വി.കൃഷ്ണൻനായർ, കേരള കലാമണ്ഡലം രജിസ്ട്രാർ കെ.കെ.സുന്ദരേശൻ എന്നിവർ സംസാരിച്ചു. വിവിധ മത്സരങ്ങളിലെ വിജയികൾക്ക് അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

**എഴുത്തച്ഛൻ പുരസ്കാരസമർപ്പണം** (ഫെബ്രുവരി 18)

ഭാഷാപിതാവിന്റെ പേരിലുള്ള കേരള സർക്കാരിന്റെ പരമോന്നത സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം, മലയാളകവിതയിലെ ക്ലാസിക് പാരമ്പര്യത്തിന് നവീനവും ആധുനികവുമായ തുടർച്ചകൾ സാധ്യമാക്കിയ ശ്രേഷ്ഠകവി ആറ്റൂർ രവിവർമ്മയ്ക്ക് 2013 ഫെബ്രുവരി 18 തിങ്കളാഴ്ച തിരുവനന്തപുരം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽവെച്ച് കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി സമർപ്പിച്ചു. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് അധ്യക്ഷതവഹിച്ചു. ചീഫ് സെക്രട്ടറി ജോസ് സിറിയക് പ്രശസ്തിപത്രാവതരണവും അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ആദരഭാഷണവും നടത്തി. ആറ്റൂർ രവിവർമ്മ മറുപടിപ്രസംഗംനടത്തി. സാംസ്കാരികവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ സ്വാഗവും അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

**എസ്.കെ.പൊറ്റെക്കാട്ട് ജന്മശതാബ്ദിയാഘോഷം കോഴിക്കോട് (മാർച്ച് 12, 13, 14)**

സങ്കീർണ്ണമായ ജീവിതദർശനങ്ങളുടെ തീവ്രഭാവങ്ങൾ എഴുത്തിൽ ആവിഷ്കരിച്ച എസ്.കെ. പൊറ്റെക്കാട്ടിന്റെ ജന്മശതാബ്ദിയാഘോഷം കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽവെച്ച് 2013 മാർച്ച് 12, 13, 14 തീയതികളിൽ ആഘോഷിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം എം.ടി.വാസുദേവൻനായർ നിർവ്വഹിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധ

രൻ അദ്ധ്യക്ഷതവഹിച്ചു. എസ്.കെ.ജന്മശതാബ്ദി ആഘോഷങ്ങളുടെ ആമുഖം അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ നിർവഹിച്ചു. കോഴിക്കോട് മേയർ പ്രൊഫ.എം.കെ.പ്രേമജം അനുഗ്രഹഭാഷണം നടത്തി. എം.പ്രദീപ്കുമാർ എം.എൽ.എ., ജില്ലാകളക്ടർ കെ.വി.മോഹൻകുമാർ ഐ.എ.എസ്., എസ്.കെ.സാംസ്കാരികകേന്ദ്രം പ്രസിഡണ്ട് പി.വി.രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും എസ്.കെ.സാംസ്കാരികകേന്ദ്രം സെക്രട്ടറി പി.എം.വി.പണിക്കർ നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന *പൊറ്റെക്കാട്ടും സഞ്ചാരസാഹിത്യവും* എന്ന സെമിനാർ എം.പി.അബ്ദുസമദ് സമദാനി ഉദ്ഘാടനം ചെയ്തു. എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. ആഷാമേനോൻ, മുസാഫിർ അഹമ്മദ്, ശ്രീകാന്ത് കോട്ടയ്ക്കൽ എന്നിവർ സംസാരിച്ചു. ഐസക് ഈപ്പൻ സ്വാഗതവും അക്കാദമി അംഗം ആർ.കെ.രമേഷ് നന്ദിയും പറഞ്ഞു. തുടർന്ന് വി.ടി.മുരളിയും സംഘവും അവതരിപ്പിച്ച സംഗീതസന്ധ്യ *ചന്ദ്രബിംബം നെഞ്ചിലേറ്റും...* അരങ്ങേറി.

വൈകാരികമുഹൂർത്തങ്ങളുടെ ചാരുത പകർന്ന ഒത്തുചേരലിൽ എസ്.കെ.പൊറ്റെക്കാട്ട് ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സമ്മേളനപ്രതിനിധികൾ മാർച്ച് 13 ബുധനാഴ്ച രാവിലെ 9 മണിക്ക് എസ്.കെ.യുടെ തറവാട്ടുവീടായ ചന്ദ്രകാന്തം സന്ദർശിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, പുരുഷൻ കടലുണ്ടി എം.എൽ.എ., ജില്ലാകളക്ടർ കെ.വി.മോഹൻകുമാർ ഐ.എ.എസ്., എൻ.ശശിധരൻ, സുവീരൻ, എൻ.പി.ഹാഫിസ് മുഹമ്മദ്, എൻ.ഇ.ബാലകൃഷ്ണമാരാർ, പി.വി. ഗംഗാധരൻ, ബി.എം.സുഹറ, ജയപ്രകാശ് കുളൂർ, അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, പി.കെ.പാറക്കടവ്, വി.എം.വിനു, ജോർജ്ജ് ജോസഫ് കെ. ശത്രുഘ്നൻ, സിദ്ധാർത്ഥൻ പരുത്തിക്കാട്, കെ.പി.സുധീര, ഐസക് ഈപ്പൻ, എം.ഡി.രാധിക, മൈന ഉമൈബാൻ, കെ.എസ്.വെങ്കിടാചലം, കടത്തനാട്ട് നാരായണൻ, കുഞ്ഞിക്കണ്ണൻ വാണിമേൽ, ചൻസ്, പൂനൂർ കരുണാകരൻ, ദീദി ദാമോദരൻ, കെ.വി.അനൂപ്, സഗീർ, വിജയരാഘവൻ തുടങ്ങിയ സാംസ്കാരികപ്രവർത്തകരും എസ്.കെ.പൊറ്റെക്കാട്ട് സാംസ്കാരികകേന്ദ്രം ഭാരവാഹികളും എസ്.കെ.യുടെ കുടുംബാഗങ്ങളും പങ്കെടുത്തു.

തുടർന്ന് നടന്ന *ഓർമ്മയിലെ പൊറ്റെക്കാട്ട്* എന്ന പരിപാടി എം.ടി.വാസുദേവൻനായർ ഉദ്ഘാടനം ചെയ്തു. എസ്.കെ.യുടെ ഓർമ്മകൾ പങ്കുവെച്ചുകൊണ്ട് ഫാബി ബഷീർ, ഡോ.സി.കെ.രാമചന്ദ്രൻ, സുമിത്ര ജയപ്രകാശ് (മകൾ) എന്നിവർ സംസാരിച്ചു.

ഉച്ചകഴിഞ്ഞ് 2.30 ന് നടന്ന പ്രതിഭാസംഗമത്തിൽ *പുതിയ എഴുത്തു*

*കാലം പ്രതിസന്ധിയും പ്രതീക്ഷകളും* യു.എ.ഖാദർ ഉദ്ഘാടനംചെയ്തു. പി.ആർ.നാഥൻ, ബാബു ഭരദ്വാജ്, കെ.പി.രാമനുണ്ണി, ഡോ.കെ.എസ്.രവികുമാർ, സുഭാഷ്ചന്ദ്രൻ, യു.കെ.കുമാരൻ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, വി.എസ്.അനിൽകുമാർ, സുസ്മേഷ് ചന്ത്രോത്ത്, മാങ്ങാട് രത്നാകരൻ, എൻ.പി.ഹാഫിസ് മുഹമ്മദ്, ജോർജ്ജ് ജോസഫ് കെ., അയ്മനം ജോൺ, രാജരാജേശ്വരി, അക്കാദമി നിർവാഹകസമിതിയംഗം പി.കെ.പാറക്കടവ്, അക്കാദമി അംഗം ഡോ.അജിതൻ മേനോത്ത് എന്നിവർ പങ്കെടുത്തു.

തുടർന്ന് നടന്ന കവിയരങ്ങ് യൂസഫലി കേച്ചേരി ഉദ്ഘാടനംചെയ്തു. ടി.പി.രാജീവൻ അദ്ധ്യക്ഷതവഹിച്ചു. പി.പി.ശ്രീധരനുണ്ണി, മണമ്പൂർ രാജൻബാബു, വീരാൻകുട്ടി, അൻവർ അലി, പവിത്രൻ തീക്കുനി, പാലോട് വാസുദേവൻ, ഒ.പി.സുരേഷ്, കെ.ടി.സൂപ്പി, പി.എൻ.ഗോപീകൃഷ്ണൻ, വി.പി.ഷൗക്കത്ത് അലി, സത്യചന്ദ്രൻ പൊയിൽക്കാവ് തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു. അക്കാദമി അംഗം എം.ഡി.രാജേന്ദ്രൻ സ്വാഗതവും പൂനൂർ കെ. കരുണാകരൻ നന്ദിയും പറഞ്ഞു. തുടർന്ന് ഉമ്പായി അവതരിപ്പിച്ച ഗസൽസന്ധ്യ അരങ്ങേറി.

മാർച്ച് 14 വ്യാഴാഴ്ച രാവിലെ 10 മണിക്ക് നടന്ന *പൊറ്റെക്കാടിന്റെ സർഗ്ഗജീവിതത്തിലൂടെ* എന്ന സെമിനാർ ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള ഉദ്ഘാടനം ചെയ്തു. സി.രാധാകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. ഡോ. എം.എം.ബഷീർ (ഉപഹാരം), ഡോ.ഡി.ബെഞ്ചമിൻ (അന്തകന്റെ തോട്ടി), ഡോ.വി.സുകുമാരൻ (പുള്ളിമാൻ), പ്രൊഫ.എം.തോമസ് മാത്യു (വിഷകന്യക), കെ.ഇ.എൻ.(ഒരു തെരുവിന്റെ കഥ), കല്പറ്റ നാരായണൻ (ഒരു ദേശത്തിന്റെ കഥ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഭാസി മലാപ്പറമ്പ് സ്വാഗതവും ജോൺ സാമുവൽ നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം നടന്ന സെമിനാറിന്റെ തുടർച്ചയിൽ ഡോ.ഖദീജ മുംതാസ് (മൂടുപടം), ഡോ.കെ.വി.തോമസ് (നാടൻപ്രേമം), പ്രൊഫ.കെ.പി.ശങ്കരൻ (എസ്.കെ.യുടെ കവിതകൾ), ഡോ.പി.കെ.പോക്കർ (ഏഴിലംപാല), കെ.എ.മുരളീധരൻ (നാടകം), ചെലവൂർ വേണു (സിനിമ) എന്നിവർ സംസാരിച്ചു. കല്പറ്റ നാരായണൻ സ്വാഗതവും സ്വാഗതവും പി.എം.വി.പണിക്കർ നന്ദിയും പറഞ്ഞു. തുടർന്ന് ഡാൻസിംഗ് തീയേറ്റർ അവതരിപ്പിച്ച *മായാശൈലം* നൃത്തശില്പവും നടന്നു.

**പുസ്തകപ്രകാശനം-ജാതിക്കുമ്മി (മാർച്ച് 17)**

കേരളത്തിലെ നവോത്ഥാനപ്രക്ഷോഭങ്ങൾക്ക് ആക്കംകൂട്ടിയ ജാതിക്കുമ്മിയുടെ ശതാബ്ദിപപ്പതിപ്പിന്റെ പ്രകാശനം മാർച്ച് 17 ഞായറാഴ്ച എറണാകുളം മരട് മാങ്കായി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി പുസ്തകം പ്രകാശനംചെയ്തു. ഫിഷറീസ്-തുറമുഖ-എക്സൈസ് വകുപ്പ് മന്ത്രി കെ.ബാബു പുസ്തകം

സ്വീകരിച്ചു. സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് അദ്ധ്യക്ഷ തവഹിച്ചു. ആശംസകൾ നേർന്നുകൊണ്ട് മരട് മുനിസിപ്പൽ ചെയർമാൻ അഡ്വ.ടി.കെ.ദേവരാജൻ, അരവിന്ദൻ, ജിൻസൻ പീറ്റർ എന്നിവ സംസാരിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ സ്വാഗതവും സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

# സാഹിത്യ അക്കാദമി അവാർഡുകൾ

**അക്കാദമി വിശിഷ്ടാംഗത്വം**

1. **ടി.പത്മനാഭൻ**
2. **ആനന്ദ്**

(50,000 രൂപയും രണ്ടുപവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**സമഗ്രസംഭാവനപുരസ്കാരം**

1. **ചാത്തനാത്ത് അച്യുതനുണ്ണി**
2. **പ്രൊഫ.പി.ടി.ചാക്കോ**
3. **കെ.ബി.ശ്രീദേവി**
4. **ജോസഫ് വൈറ്റില**

(30,000 രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**അക്കാദമി അവാർഡുകൾ**

(25,000 രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് പുരസ്കാരം.)

| | | |
|---|---|---|
| **1. നോവൽ** | മനുഷ്യന് ഒരാമുഖം | **സുഭാഷ്ചന്ദ്രൻ** |
| **2. കവിത** | കീഴാളൻ | **കുരീപ്പുഴ ശ്രീകുമാർ** |
| **3. നാടകം** | ചൊല്ലിയാട്ടം | **ബാലസുബ്രഹ്മണ്യൻ** |
| **4. ചെറുകഥ** | പോലീസുകാരന്റെ പെൺമക്കൾ | **യു.കെ. കുമാരൻ** |
| **5. സാഹിത്യവിമർശനം** | വാക്കുകളും വസ്തുക്കളും | **ബി. രാജീവൻ** |
| **6. വൈജ്ഞാനികസാഹിത്യം** | ഈണവും താളവും | **എൽ. എസ്. രാജഗോപാൽ** |
| **7. ജീവചരിത്രം/ആത്മകഥ** | ആത്മകഥ | **കെ. ആർ. ഗൗരിയമ്മ** |
| **8. യാത്രാവിവരണം** | വോൾഗാതരംഗങ്ങൾ | **ടി. എൻ. ഗോപകുമാർ** |
| **9. വിവർത്തനം** | കഃ | **കെ. ബി. പ്രസന്നകുമാർ** |
| **10. ശ്രീപത്മനാഭസ്വാമിസമ്മാനം** | ഗാന്ധിജിയുടെ ആത്മകഥ കുട്ടികൾക്ക് | **കെ. രാധാകൃഷ്ണൻ** |
| **11. ഹാസ്യസാഹിത്യം** | കളിയും കാര്യവും | **ലളിതാംബിക** |

### അക്കാദമി എന്റോവ്മെന്റ് അവാർഡുകൾ

1. **ഐ. സി. ചാക്കോ അവാർഡ്–** ഭാഷാശാസ്ത്രം, വ്യാകരണം, ശാസ്ത്രപഠനം (5000രൂപ)
   മലയാളവ്യാകരണസിദ്ധാന്തങ്ങൾ — **ഡോ. എൻ. കെ. മേരി**
2. **സി. ബി. കുമാർ അവാർഡ്** – ഉപന്യാസം (3000 രൂപ)
   കഥപോലെ ചിലതു സംഭവിക്കുമ്പോൾ — **എസ്. ഗോപാലകൃഷ്ണൻ**
3. **കെ. ആർ. നമ്പൂതിരി അവാർഡ്–** വൈദികസാഹിത്യം (2000 രൂപ)
   മഹാഭാരത പര്യടനം ഭാരതദർശനം:പുനർവായന — **പ്രൊഫ. തുറവൂർ വിശ്വംഭരൻ**
4. **കനകശ്രീ അവാർഡ്–** കവിത (2000 രൂപ)
   തോന്നിയ പോലൊരു പുഴ — **ആര്യാംബിക**
5. **ഗീതാ ഹിരണ്യൻ അവാർഡ്** –ചെറുകഥാസമാഹാരം (5000 രൂപ)
   പച്ചയുടെ ആൽബം — **ധന്യാരാജ്**
6. **ജി. എൻ. പിള്ള അവാർഡ്–** വൈജ്ഞാനികസാഹിത്യം (3000 രൂപ)
   ഭാരതീയദർശനം ഇംഗ്ലീഷ് കവിതയിൽ — **ഡോ. ആന്നിയിൽ തരകൻ**

2012 സെപ്തംബർ 7, 8 തീയതികളിൽ കേരള സാഹിത്യ അക്കാദമിയുടെ അമ്പത്തിയാറാം വാർഷികസമ്മേളനത്തിൽവെച്ച് വിശിഷ്ടാംഗത്വവും, സമഗ്രസംഭാവനപുരസ്കാരങ്ങളും അവാർഡുകളും സമർപ്പിച്ചു.

### ചികിത്സാധനസഹായം

രോഗാതുരരായ എഴുത്തുകാർക്ക് ചികിത്സാധനസഹായമായി താഴെപ്പറയുന്നവർക്ക് സഹായധനം നൽകി.

| | |
|---|---|
| 1. കൊളത്തോൾ രാഘവൻ | 10,000 |
| 2. അക്കിത്തം അച്യുതൻനമ്പൂതിരി | 25,000 |
| 3. പി.എൻ.ചന്ദ്രൻ | 10,000 |
| ആകെ | 45,000 |

## പ്രസിദ്ധീകരണവിഭാഗം

കേരള സാഹിത്യ അക്കാദമിയുടെ മുഖ്യലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി പുസ്തകപ്രസാധനത്തെ പരിഗണിക്കുന്നു. രൂപീകരണഘട്ടം മുതൽ ഭാഷയുടെയും സാഹിത്യത്തിന്റെയും സമഗ്രവളർച്ചയ്ക്ക് ഉതകുന്ന നിലവാരമുള്ള ഗ്രന്ഥങ്ങൾ അച്ചടിക്കുകയും സംസ്ഥാനവ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഒരു ദൗത്യനിർവ്വഹണമായി അക്കാദമി ഏറ്റെടുത്തിട്ടുണ്ട്. അക്കാദമിയുടെ മഹത്തായ ലക്ഷ്യങ്ങളെയും ആശയങ്ങളെയും സാക്ഷാൽക്കരിക്കുവാൻ പ്രസിദ്ധീകരണവിഭാഗം ക്രിയാത്മകമായ പങ്കുവഹിച്ചുവരുന്നു.

ഭാഷ, സാഹിത്യം, സംസ്കാരം, കലകൾ എന്നിവയുടെ പരിപോഷണത്തിനു സഹായകമായ കൃതികൾ പ്രസിദ്ധീകരിക്കുക, മറ്റു ഭാഷകളിലെ

സവിശേഷപ്രാധാന്യമുള്ള പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുക, വിഖ്യാതങ്ങളായ ആദ്യകാല മലയാളകൃതികൾക്ക് പുതിയ പതിപ്പുകൾ തയ്യാറാക്കുക, ഇതര ദ്രാവിഡഭാഷകളുമായുള്ള താരതമ്യപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മലയാളഭാഷയുടെ വളർച്ച ത്വരിതപ്പെടുത്തുക തുടങ്ങിയവ പ്രസിദ്ധീകരണവിഭാഗത്തിന്റെ ചുമതലകളിൽപ്പെടുന്നു. ഭാഷാശാസ്ത്രം, വ്യാകരണം, സാഹിത്യചരിത്രം, സൈദ്ധാന്തികരചനകൾ, വൈജ്ഞാനികസാഹിത്യം, ഗവേഷണപ്രബന്ധങ്ങൾ, നാഴികക്കല്ലുകളായിത്തീർന്ന സർഗാത്മകകൃതികൾ തുടങ്ങിയവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുവാൻ അക്കാദമി ശ്രദ്ധിച്ചുവരുന്നു. അക്കാദമി അതിന്റെ 56 വർഷത്തെ ചരിത്രത്തിൽ 770 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

സർവ്വകലാശാലാവിദ്യാർത്ഥികളും ഗവേഷകരും ഭാഷാസ്നേഹികളും ഏറെ പ്രയോജനപ്പെടുത്തുന്ന അക്കാദമി പുസ്തകങ്ങൾ വാങ്ങുന്നതിന് കോളേജ് ലൈബ്രറികളും ഗ്രാമീണ ഗ്രന്ഥശാലകളും വർഷംതോറും അക്കാദമി പുസ്തകവിൽപ്പനശാല സന്ദർശിച്ചുവരുന്നു. സാംസ്കാരികവിമർശനത്തിന്റെയും വൈജ്ഞാനികസാഹിത്യത്തിന്റെയും ജീവചരിത്രപഠനങ്ങളുടെയും മേഖലയിൽ നവീനമായ ഉൾക്കാഴ്ചകൾ അവതരിപ്പിക്കുന്ന ഗൗരവമേറിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞ വർഷം അക്കാദമിക്ക് കഴിഞ്ഞിട്ടുണ്ട്. പുസ്തകപ്രസാധനത്തിന്റെയും വിൽപ്പനയുടെയും രംഗത്ത് വലിയ മുന്നേറ്റം സാധ്യമാക്കിയ കാലയളവ് ആണിത്.

2012 നവംബർ 1–ന് വിശ്വമലയാള മഹോത്സവത്തിന്റെ സമാപനസമ്മേളനത്തിൽവെച്ച് അക്കാദമി പ്രസിദ്ധീകരിച്ച 56 പുസ്തകങ്ങളുടെ പ്രകാശനം ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി യുടെ നേതൃത്വത്തിൽ ഒരു സംഘം എഴുത്തുകാരും ജനപ്രതിനിധികളും ചേർന്ന് നിർവ്വഹിക്കുകയുണ്ടായി. ഐക്യകേരളത്തിനും സാഹിത്യ അക്കാദമിക്കും 56 വയസ്സു തികയുന്ന വേളയിലാണ് അർത്ഥദീപ്തവും അത്യപൂർവ്വവുമായ ഇത്തരമൊരു പ്രകാശനച്ചടങ്ങ് അരങ്ങേറിയത്. കേരളീയസംസ്കാരത്തിന്റെയും കലകളുടെയും പാരമ്പര്യത്തെയും സമകാലികസമ്പ്രദായങ്ങളെയും നേരനുഭവമാക്കി മാറ്റുന്ന പുസ്തകങ്ങളാണ് പ്രകാശിതമായത്. കേരളത്തിലെ നവോത്ഥാനപ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടിയ പണ്ഡിറ്റ് കെ.പി.കറുപ്പന്റെ ജാതിക്കുമ്മി എന്ന കാവ്യത്തിന്റെ ശതാബ്ദിപ്പതിപ്പ് ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി എറണാകുളം മരടിൽവെച്ച് നിർവ്വഹിക്കുകയുണ്ടായി. മന്ത്രിമാരായ കെ.സി.ജോസഫ്, കെ.ബാബു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡോ.കെ.എസ്.രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജാതിക്കുമ്മി ശതാബ്ദിപ്പതിപ്പിന്റെ അവതാരികയും അദ്ദേഹമാണ് എഴുതിയത്. ടി.എം.ചുമ്മാർ എഴുതിയ കവിതിലകൻ കെ.പി.കറുപ്പൻ എന്ന ജീവചരിത്രവും ഈ പ്രത്യേകപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജീവചരിത്രഗ്രന്ഥാവലി പരമ്പരയിൽപ്പെട്ട കാമ്പിശ്ശേരി കരുണാകരൻ, കലാമണ്ഡലം ഹൈദരലി, പാലാ നാരായണൻനായർ, എം.ആർ.ബി., ബാലാമണിയമ്മ, പൂന്താനം, കുറ്റിപ്പുറത്ത് കേശവൻനായർ, പുത്തേഴത്ത് രാമൻമേനോൻ എന്നിവരെപ്പറ്റിയുള്ള പഠനങ്ങൾ ഏറെ ശ്രദ്ധേയമായി പുറത്തിറങ്ങി. മൺമറഞ്ഞ മലയാള കഥാകാരൻമാരായ സി.ബി.കുമാർ, വി.പി.മുഹമ്മദ് എന്നിവരുടെ കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതും മികച്ച ഒരു നേട്ടമാണ്.

നോബൽ സമ്മാനജേതാക്കളായ ന്യൂട്ട് ഹാംസന്റെ മണ്ണുതേടിപ്പോയ ഒരാൾ എന്ന നോവലും (വിവ: കെ.പി.സുമതി) മോറിസ് മേയ്റ്റർ ലിങ്കിന്റെ അന്ധർ അന്ധരെ നയിക്കുമ്പോൾ എന്ന നാടകവും (വിവ: ടി.എം.എബ്രഹാം) അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാധവൻ അയ്യപ്പത്ത്, കെ.കെ. യതീന്ദ്രൻ എന്നിവർ പരിഭാഷപ്പെടുത്തിയ അശ്വഘോഷന്റെ മഹാകാവ്യങ്ങളായ ബുദ്ധചരിതം (രണ്ടാംപകുതി), സൗന്ദരനന്ദം എന്നിവ ഭാഷാസ്നേഹികൾക്ക് ഏറെ പ്രയോജനകരമായി. ലോകപ്രശസ്തമായ പ്ലേറ്റോയുടെ തെയിറ്റീറ്റസ് എന്ന ദാർശനികസംവാദകൃതിയും (വിവ: ഡോ.ഡി. രാജേന്ദ്രൻ) ഹിന്ദി സാഹിത്യത്തിലെ അതികായൻ ദൂധ്നാഥ് സിങിന്റെ യമഗാഥ എന്ന നാടകവും (വിവ: ഡോ.വി.ജി.ഗോപാലകൃഷ്ണൻ) അക്കാദമി പ്രസിദ്ധീകരിക്കുകയുണ്ടായി.

ഏറെ നാളായി ലഭ്യമല്ലാതിരുന്നതും ധാരാളം ആവശ്യക്കാരുള്ളതുമായ പി.ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം എന്ന കൃതിയുടെ പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചത് എടുത്തു പറയട്ടേ. 1934-ൽ എഴുതപ്പെട്ട ഇ.മാധവന്റെ സ്വതന്ത്രസമുദായം എന്ന കൃതിയുടെ അക്കാദമി എഡിഷൻ പുറത്തുവരികയും കേരളത്തിലൊട്ടാകെ പ്രചരിക്കുകയും ഉണ്ടായി. ജാതിവ്യവസ്ഥക്കും സവർണാധിപത്യത്തിനും എതിരായ ആശയസംവാദങ്ങളുടെ ഈ ചരിത്രരേഖ ഇന്നും മലയാളിയുടെ ചിന്താമണ്ഡലത്തെ പ്രോജ്ജ്വലിപ്പിക്കുന്നുവെന്നത് ആവേശകരമാണ്.

അയ്യിപ്പിള്ള ആശാൻ എഴുതിയ രാമകഥാപ്പാട്ട് എന്ന ജനകീയഗാനമഹാകാവ്യത്തിന് ഡോ.പി.കെ.നാരായണപിള്ളയുടെ ഭാഷാപരിമളം വ്യാഖ്യാനം സഹിതം രണ്ടുഭാഗങ്ങളായി പ്രസിദ്ധീകരിച്ചത് മഹത്തായൊരു സംരംഭമാണ്. മലയാളഭാഷ രൂപപ്പെട്ട പരിണാമപ്രക്രിയയുടെ സൂക്ഷ്മതലങ്ങളെ പ്രതിനിധീകരിക്കുന്ന ഈ പ്രാചീനകാവ്യം സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വളർച്ചയുടെ സവിശേഷഘട്ടത്തെ വെളിപ്പെടുത്തുന്നു. തിമിലവാദനത്തിൽ ആചാര്യസ്ഥാനീയനായ കരിയന്നൂർ നാരായണൻനമ്പൂതിരിയുടെ പഞ്ചവാദ്യപഠനം-തിമില എന്ന പുസ്തകം വാദ്യകലാവിദ്യാർത്ഥികൾക്ക് ഏറെ സഹായകമായ ഒരു പാഠപുസ്തകമാണ്. പുസ്തകത്തോടൊപ്പം തിമില അഭ്യസനത്തിന്റെ അടി

സ്ഥാനപാഠങ്ങൾ അടങ്ങുന്ന സോദാഹരണ സി.ഡി. സൗജന്യമായി നൽകുന്നു. ഇത് പഠനസഹായി എന്ന നിലയിൽ വളരെ ശാസ്ത്രീയ മായി നിർവഹിക്കപ്പെട്ട ഒരു പാഠ്യോപകരണമാണെന്ന് പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി അഭിപ്രായപ്പെടുകയുണ്ടായി.

ഡോ.ചേരാവള്ളി ശശി സമ്പാദനവും പഠനവും നിർവ്വഹിച്ച, 1893-ൽ ആദ്യമായി പ്രസിദ്ധീകരിച്ച അഴകത്ത് പദ്മനാഭക്കുറുപ്പിന്റെ മീനകേതന ചരിതം എന്ന നാടകം, ചെമ്പൂര് സുകുമാരൻനായർ സമ്പാദനവും പഠ നവും നിർവഹിച്ച ആട്ടക്കഥകളുടെയും നാടകങ്ങളുടെയും സമാഹാര മായ വി.കൃഷ്ണൻതമ്പിയുടെ കൃതികൾ, ജി.പ്രിയദർശനൻ സമ്പാദനവും പഠനവും നിർവഹിച്ച ഒരു കാലഘട്ടത്തിന്റെ ചരിത്രരേഖയായ കുമാര നാശാന്റെ മുഖപ്രസംഗങ്ങൾ, 1935-ൽ മൊയാരത്ത് ശങ്കരൻ എഴുതിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന ചരിത്രഗ്രന്ഥത്തിന്റെ അക്കാ ദമി പതിപ്പ്, മധ്യകാലകേരളത്തിലെ രാഷ്ട്രീയ-സംസ്കാരചരിത്രത്തെ ആഴത്തിൽ പഠനവിധേയമാക്കുന്ന ഡോ.വി.വി.ഹരിദാസിന്റെ സാമൂതി രിപെരുമ, മലയാളസാഹിത്യത്തിലെ പ്രതിഭാശാലികളായ എഴുത്തുകാ രുടെ രചനാപ്രപഞ്ചത്തെ സൂക്ഷ്മമായി വിലയിരുത്തുന്ന സച്ചിദാനന്ദന്റെ വിത്തും വൃക്ഷവും എന്ന പഠനം-ഇവയെല്ലാം അക്കാദമി പ്രസിദ്ധീക രിച്ച പുതിയ പുസ്തകങ്ങളിൽ ചിലതാണ്.

കേരളസമൂഹത്തെ സാംസ്കാരികമായി പ്രബുദ്ധമാക്കുകയും ആശയ സംവാദങ്ങളെ ആരോഗ്യകരമാക്കുകയും അതുവഴി ബൗദ്ധികമണ്ഡ ലത്തെ വികസിപ്പിക്കുകയും ചലനാത്മകമാക്കുകയും ചെയ്യുന്ന ചരിത്ര പ്രാധാന്യമുള്ള ഗ്രന്ഥങ്ങളാണ് അക്കാദമി പ്രസിദ്ധീകരിച്ചുവരുന്നത്. മൂല്യ വത്തായ പ്രമേയങ്ങൾകൊണ്ടും ആകർഷകമായ രൂപഘടനകൊണ്ടും പുതുമ പുലർത്തുന്ന പുസ്തകങ്ങളാണ് അക്കാദമി സഹൃദയർക്കുമു ന്നിൽ അവതരിപ്പിച്ചത്. അറിവും സ്നേഹവും നന്മയും നിറയുന്ന വായ നയ്ക്കായി, ഭാഷയുടെയും സംസ്കാരത്തിന്റെയും സമഗ്രപഠനത്തിനായി വായനക്കാർ അക്കാദമി പുസ്തകങ്ങളെ തേടിയെത്തുന്ന കാഴ്ച പ്രതീ ക്ഷാനിർഭരവും ചാരിതാർത്ഥ്യജനകവുമാണ്.

## 2012-2013 ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| | പുസ്തകം | ഗ്രന്ഥകാരൻ |
|---|---|---|
| 1. | തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ | പി.ഗോവിന്ദപ്പിള്ള |
| 2. | ഓർമ്മയിലെ സുഗന്ധം | ഇയ്യങ്കോട് ശ്രീധരൻ |
| 3. | കെടാവിളക്ക് | സമ്പാദനം: എ.ഇന്ദിര |
| 4. | വിമർശവിവേകം | പ്രൊഫ.ഏറ്റുമാനൂർ സോമദാസൻ |
| 5. | റാംമനോഹർ ലോഹ്യ | വി.കെ.ഗോപിനാഥൻ |

6. **യമഗാഥ** — ദൂധ്നാഥ് സിങ് /വിവ: ഡോ.വി.ജി.ഗോപാലകൃഷ്ണൻ
7. **വിപ്ലവകാരിയായ ആനന്ദതീർത്ഥൻ** — ടി.എച്ച്.പി.ചെന്താരശ്ശേരി
8. **രാമകഥപ്പാട്ട് ഭാഗം – ഒന്ന്** — അയ്യിപ്പിള്ള ആശാൻ
9. **രാമകഥപ്പാട്ട് ഭാഗം – രണ്ട്** — " "
10. **വേദങ്ങളും ഗണിതശാസ്ത്രവും** — ഡോ.ഏ.സി.വാസു
11. **കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ** — സമ്പാദനം, പഠനം: ജി.പ്രിയദർശനൻ
12. **മലയാളവിജ്ഞാനവും എൽ.വി.രാമസ്വാമി അയ്യരും** — ഡോ.സൗമ്യബേബി
13. **സി.കെ.നമ്പൂതിരിയുടെ ലേഖനങ്ങൾ** — സി.കെ.നമ്പൂതിരി
14. **ആധുനികകാവ്യപഠനങ്ങൾ** — ഡോ.സി.പി.ശിവദാസൻ
15. **പഞ്ചവാദ്യപഠനം – തിമില** — കരിയന്നൂർ നാരായണൻനമ്പൂതിരി
16. **കഥാപ്രസംഗകലയുടെ നാൾവഴികൾ** — കൈനകരി സുരേന്ദ്രൻ
17. **സാമൂതിരിപെരുമ** — ഡോ.വി.വി.ഹരിദാസ്
18. **ചരിത്രത്തിന്റെ ദേശവഴി – മേലാറ്റൂർ** — ഡി.പരമേശ്വരൻനമ്പൂതിരി
19. **എന്റെ വല്യേട്ടൻ** — കുറ്റിപ്പുഴ ചന്ദ്രൻ
20. **ഇരുട്ടുകീറിയ വജ്രസൂചി – എം. ആർ. ബി.** — കെ.എം.രാഘവൻനമ്പ്യാർ
21. **പഞ്ചമം** — ഡോ.എൻ.പി.വിജയകൃഷ്ണൻ
22. **പാപവിചാരം സി.ജെ.യുടെ നാടകങ്ങളിൽ** — പ്രൊഫ.തുമ്പമൺ തോമസ്
23. **ജാതിക്കുമ്മി** — പണ്ഡിറ്റ് കെ.പി.കറുപ്പൻ
24. **കലാകേരളം** — ഡോ.എൻ.അജിത്കുമാർ
25. **തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ** — മാമ്പുഴ കുമാരൻ
26. **വി.പി.മുഹമ്മദിന്റെ കഥകൾ** — വി.പി.മുഹമ്മദ്
27. **അമൃതകലയുടെ കവി** — സജീവ് കൃഷ്ണൻ
28. **പഴയ തേൻ** — സമ്പാദനം: എസ്.കെ.വസന്തൻ
29. **വിത്തും വൃക്ഷവും** — സച്ചിദാനന്ദൻ
30. **കാമ്പിശ്ശേരി** — സാബു കോട്ടുക്കൽ
31. **ബാലാമണിയമ്മ** — രതിമേനോൻ
32. **ചരിത്രത്തിന്റെ അടിവേരുകൾ** — കേസരി ബാലകൃഷ്ണപിള്ള
33. **കാരമുള്ളും കാട്ടുപൂക്കളുടെ കരച്ചിലും** — പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ
34. **നവീനസാഹിത്യപഠനങ്ങൾ** — ഡോ.എൻ.വി.പി.ഉണിത്തിരി
35. **മണ്ണ് തേടിപ്പോയവരാൾ** — ന്യൂട്ട് ഹാംസൺ/വിവർത്തനം: കെ.പി.സുമതി
36. **മീനകേതനചരിതം** — അഴകത്ത് പദ്മനാഭക്കുറുപ്പ് /സമ്പാദനം, പഠനം: ഡോ.ചേരാവള്ളി ശശി
37. **വീണപൂവ് കൺമുമ്പിൽ** — ഡോ.കെ.എം.ഡാനിയേൽ
38. **ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്** — മൊയാരത്ത് ശങ്കരൻ
39. **കൊങ്കണിക്കഥകൾ** — എഡിറ്റർ: പയ്യന്നൂർ രമേഷ്പൈ
40. **സി.ബി.കുമാറിന്റെ കഥകൾ** — സി.ബി.കുമാർ
41. **ബുദ്ധചരിതം രണ്ടാംഭാഗം** — അശ്വഘോഷൻ/വിവ: മാധവൻ അയ്യപ്പത്ത്, കെ.കെ.യതീന്ദ്രൻ
42. **സൗന്ദരനന്ദം** — അശ്വഘോഷൻ/വിവ: മാധവൻ അയ്യപ്പത്ത്, കെ.കെ.യതീന്ദ്രൻ

| | | |
|---|---|---|
| 43. | **കെ.ടി.മുഹമ്മദ് നാടകം സമൂഹം** | ഡോ.എം.എസ്.പോൾ |
| 44. | **ടി.കെ.സി.വടുതല ജീവിതവും കൃതികളും** | ശശിധരൻ കളത്തിങ്കൽ |
| 45. | **വി.കൃഷ്ണൻതമ്പിയുടെ കൃതികൾ** | ചെമ്പൂര് സുകുമാരൻനായർ |
| 46. | **തെരഞ്ഞെടുത്ത നാടകങ്ങൾ** | ഡോ.വയലാ വാസുദേവൻപിള്ള/സമ്പാ, പഠനം: ടി.എം.എ ബ്രഹാം |
| 47. | **വാല്മീകിയുടെ ലോകത്തിൽ** | ഐ.സി.ചാക്കോ |
| 48. | **ഇടപ്പള്ളിയുടെ അപ്രകാശിതകഥകളും കവിതകളും** | ഇടപ്പള്ളി രാഘവൻപിള്ള |
| 49. | **നാടൻപാട്ടുകൾ** | വെട്ടിയാർ പ്രേംനാഥ് |
| 50. | **രാമചരിതപഠനത്തിനൊരാമുഖം** | ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ |
| 51. | **അന്ധർ അന്ധരെ നയിക്കുമ്പോൾ** | മോറിസ് മേയ്റ്റർ ലിങ്ക് /വിവർത്തനം: ടി.എം.എബ്രഹാം |
| 52. | **പൂന്താനം** | പാലക്കീഴ് നാരായണൻ |
| 53. | **സുബ്രഹ്മണ്യഭാരതി ജീവചരിത്രവും കഥകളും** | പവനൻ, എസ്.രമേശൻനായർ |
| 54. | **ആത്മതത്ത്വത്തിന്റെ നിലവറകൾ** | ഡോ.എ.എം.വാസുദേവൻപിള്ള |
| 55. | **കുറ്റിപ്പുറത്ത് കേശവൻനായർ** | അനിൽ വള്ളത്തോൾ |
| 56. | **പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം** | പി.ഭാസ്കരനുണ്ണി |
| 57. | **പുത്തേഴൻ** | ഡോ.വി.ശോഭ |
| 58. | **പ്രബന്ധസംഗ്രഹം** | ഏ.ആർ.രാജരാജവർമ്മ |
| 59. | **ചാത്തിരാങ്കം** | സി.കെ.നമ്പൂതിരി |
| 60. | **ഉദയവർമ്മചരിതം** | സമ്പാ., വ്യാഖ്യാ. :പ്രൊഫ.എൻ.ഇ.കേശവൻനമ്പൂതിരി |

# പുസ്തകവില്പനവിഭാഗം

2012-13 സാമ്പത്തികവർഷത്തിൽ വില്പനശാല വഴി 26,78,046/-രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥല ങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തക പ്രദർശനത്തിൽ 17,11,883/- രൂപ മുഖവിലയുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന 43,89,929/- രൂപയാണ്.

പുസ്തകപ്രദർശനവും വില്പനയും താഴെപ്പറയുന്ന സ്ഥലങ്ങളിൽ നടന്നു.

1. തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകമേള 2012
   തൃശൂർ മുണ്ടശ്ശേരി ഹാൾ 08.04.2012-10.04.2012
2. ഭാഷാ എഡിറ്റിംഗ്-പ്രൂഫ് പരിശോധന ശില്പശാല
   അക്കാദമി ജൂബിലി ഹാൾ 16.04.2012-17.04.2012
3. പൂരം പുസ്തകോത്സവം 2012-അക്കാദമി കാമ്പസ് 19.04.2012-29.04.2012
4. ബഷീറിന്റെ സാഹിത്യജീവിതം-ഏകദിനസെമിനാർ
   തലയോലപ്പറമ്പ് 17-06.2012
5. സി.ജെ.യുടെ ധൈഷണികലോകം-ഏകദിനസെമിനാർ

കൂത്താട്ടുകുളം 14.07.2012

6. ഓണം പുസ്തകോത്സവം 2012- അക്കാദമി വൈലോപ്പിള്ളി ഹാൾ 17.08.2012- 27.08.2012
7. പാലായുടെ സാംസ്കാരികപാരമ്പര്യം-സെമിനാർ, പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയം 17.09.2012
8. വിശ്വമലയാളമഹോത്സവം 2012 കനകക്കുന്ന് കൊട്ടാരം തിരുവനന്തപുരം 30.10.2012–5.11.2012
9. പ്രിയദർശിനി പബ്ലിക്കേഷൻ പുസ്തകോത്സവം 2012 വി.ജെ.ടി. ഹാൾ, തിരുവനന്തപുരം 19.11.2012–25.11.2012
10. എറണാകുളം അന്താരാഷ്ട്ര പുസ്തകോത്സവം 2012 എറണാകുളത്തപ്പൻ ഗ്രൗണ്ട് 01.12.2012–10.12.2012
11. എൻ.ബി.ടി.പുസ്തകോത്സവം 2012, കോഴിക്കോട് 03.12.2012–11.12.2012
12. പാലാ നാരായണൻനായർ 'അമൃതകലയുടെ കവി' എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് പുസ്തകപ്രകാശനം-പ്രസ്സ് ക്ലബ്ബ്, തിരുവനന്തപുരം 15.01.2013
13. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എക്സിബിഷൻ 2013, കനകക്കുന്ന് കൊട്ടാരം തിരുവനന്തപുരം 28.01.2013–05.02.2013
14. തുഞ്ചൻ പുസ്തകോത്സവം 2013, തിരൂർ 06.02.2013–10.02.2013
15. *വൈദ്യർ മഹോത്സവം* മോയിൻകുട്ടിവൈദ്യർ സ്മാരക പുസ്തകോത്സവം 2013, കൊണ്ടോട്ടി 08.02.2013–11.02.2013
16. ദേശീയ പുസ്തകോത്സവം 2013- അക്കാദമി കാമ്പസ് 23.02.2013–04.03.2013
17. പുസ്തകപ്രകാശനം-*ജാതിക്കുമ്മി*, മരട് മാങ്കായി ഹൈസ്കൂൾ ഓഡിറ്റോറിയം, 17.03.2013

## കേരള സാഹിത്യ അക്കാദമി ലൈബ്രറി

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലൈബ്രറികളിൽ ഒന്നാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയുടെ പ്രത്യേകതയാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണകേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവർക്ക് ഏക ആശ്രയമാണ്. കേരളത്തിനകത്തുനിന്നും പുറത്തുനിന്നും നിരവധി ഗവേഷകർ, പ്രൊഫസർമാർ, അദ്ധ്യാപകർ, ദൂരദർശൻ, റേഡിയോ, പത്രം,

സ്വകാര്യചാനലുകൾ തുടങ്ങിയവയിലെ മാധ്യമപ്രവർത്തകർ, സാംസ്കാരികനായകൻമാർ, സാംസ്കാരികരംഗത്തെ പ്രമുഖ വ്യക്തികൾ തുടങ്ങി സാധാരണ ഗ്രാമീണർ വരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ വന്നുകൊണ്ടിരിക്കുന്നു. പുസ്തകങ്ങളും, പുസ്തകേതരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും, റഫറൻസിനും എത്തുന്നവരുടെ ദിവസേനയുള്ള വർദ്ധനവിന് പുറമെ ഇന്റർനെറ്റ്, വെബ്സൈറ്റ്, ഇ-മെയിൽ, ടെലഫോൺ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നു.

**ഗവേഷണകേന്ദ്രം**

അക്കാദമി കേന്ദ്രമാക്കി 40 പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്ന 202 പേർ ഇവിടെ രജിസ്റ്റർ ചെയ്ത് റഫറൻസ് നടത്തുന്നു. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിൽ അയച്ച് യു.ജി.സി.യിൽനിന്നും, സർക്കാരിൽനിന്നും, യൂണിവേഴ്സിറ്റികളിൽ നിന്നും സ്കോളർഷിപ്പ് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി.പോൾ പഠന ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

**ബുക്ക് ഡെപ്പോസിറ്ററി**

മലയാളത്തിൽ ഇന്നോളം പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് അക്കാദമി ലൈബ്രറി. മലയാളത്തിൽ ഇത്രയും വിപുലമായ ഒരു പുസ്തകസഞ്ചയം ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിയിൽ പോലുമില്ല. പുസ്തകങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ശേഖരിച്ച് പുസ്തകങ്ങൾ വാങ്ങി സംഭരിക്കുന്നത് ഒരു ദൈനംദിനപ്രവർത്തനമാണ്.

**മലയാളഗ്രന്ഥസൂചി**

അച്ചടിയുടെ ആരംഭം മുതൽ മലയാളഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന മലയാളഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. സാഹിത്യവിദ്യാർത്ഥികൾക്കും സാഹിത്യഗവേഷകർക്കും, പുസ്തകപ്രേമികൾക്കും മാസങ്ങളോളം നീണ്ടുനിൽക്കുന്ന അന്വേഷണത്താൽ മാത്രം കണ്ടെത്താവുന്ന പുസ്തകവിവരങ്ങൾ ഞൊടിയിടയിൽ കണ്ടെത്തുന്നതിന് ഗ്രന്ഥസൂചി സി.ഡി.യിലൂടെ കഴിയുന്നു. അച്ചടിയുടെ ആരംഭം മുതൽ 2000 വരെയുള്ള പുസ്തകങ്ങളാണ് സി.ഡി.യിൽ തയ്യാറാക്കിയിട്ടുള്ളത്. 2001 -2011 വരെയുള്ള പുസ്തകവിവരങ്ങൾ ഇപ്പോൾ ഉൾപ്പെടുത്തുന്നു.

## ഡിജിറ്റൽ ലൈബ്രറി

കേരള സാഹിത്യ അക്കാദമിക്കും, സാംസ്കാരികകേരളത്തിനും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റലൈസ് ചെയ്ത് ലോക്കൽ ലൈബ്രറി നെറ്റ്‌വർക്ക്, ഇന്റർനെറ്റ്, ഇന്റർ ആക്ടീവ് സി.ഡി. എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ആധുനികസാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നു.

പ്രാചീനവും, ചരിത്രപ്രധാന്യമുള്ളതും, അപൂർവ്വവും, മൂല്യവത്തുമായ പുസ്തകങ്ങൾ ഡിജിറ്റൽ ചെയ്ത് വരുംതലമുറയ്ക്ക് സുരക്ഷിതമായി കൈമാറുന്നതിനും പുതിയ പുസ്തകംപോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനികസജ്ജീകരണങ്ങൾ എല്ലാം ഒരുക്കിക്കൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണ ജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടും കൂടാതെ സ്കാൻ ചെയ്യാവുന്ന രീതിയിൽ സവിശേഷമായ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സ്കാനിങ് ജോലികൾ വളരെ വേഗത്തിൽ ചെയ്തുവരുന്നു. ഡിജിറ്റൽ ഫോമിൽ ഒരുക്കിയ പുസ്തകവിവരങ്ങൾ പുതിയ രൂപത്തിൽ സി.ഡി.യിൽ ഇ. ബുക്കായി മാറ്റുന്നു. ഇതുവരെ 5012 പുസ്തകങ്ങൾ (11,92,022 പേജ്) സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. 3410 (പുസ്തകങ്ങൾ) (8,71,769 പേജുകൾ) ഗ്രാഫിക് ഡിസൈൻ ചെയ്തിട്ടുണ്ട്. ലൈബ്രറിയിൽ എത്തുന്ന വായനക്കാർക്ക് എളുപ്പത്തിൽ പ്രയോഗിക്കാൻ കഴിയുന്ന വിവരാന്വേഷിയും ഉണ്ട്. ഇ-പുസ്തകം എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഡിജിറ്റൽ പേജുകളിൽനിന്നും വിവരങ്ങൾ അനായാസേന ലഭിക്കുന്നു. ഡിജിറ്റൽ വിവരങ്ങൾ ഏതെല്ലാം രീതിയിൽ അന്വേഷിക്കാൻ സാധ്യതയുണ്ടോ അതിനെല്ലാം ഇൻഡക്സ് തയ്യാറാക്കിയിട്ടുണ്ട്.

ലൈബ്രറിരംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്ട്‌വെയർ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടെയും ഗ്രന്ഥസൂചിയാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രിതീയിൽ സർച്ച് എഞ്ചിനോടു കൂടിയ ഇ.സി.ഡി. മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്. 1996 മുതൽ 2000 വരെയുള്ള മലയാളഗ്രന്ഥസൂചി പ്രിന്റ് ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് അക്കാദമി ലൈബ്രറി.

മലയാളസാഹിത്യപാരമ്പര്യം എന്ന ഇന്ററാക്ടീവ് സിഡി മൺമറഞ്ഞ മലായളസാഹിത്യപ്രതിഭകളുടെ എണ്ണച്ചായാചിത്രം, ശബ്ദം, കൈപ്പട, ജീവചരിത്രക്കുറിപ്പുകൾ, കൃതികൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഇ.സി.ഡി. മലയാള സാഹിത്യ

വിദ്യാർത്ഥികളും അദ്ധ്യാപകരും ധാരാളമായി ഉപയോഗിക്കുന്നു.

അക്കാദമി ലൈബ്രറിയിൽ 2012-2013 വർഷത്തിൽ 4800-ൽ അധികം പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ലൈബ്രറിയിലെ പ്രത്യേകശേഖരങ്ങളായ രാമവർമ്മ റിസർച്ച് ലൈബ്രറി, കൃഷ്ണകല്ല്യാണി ലൈബ്രറി, കെ.സുകുമാരൻ മെമ്മോറിയൽ ലൈബ്രറി, വിലാസിനി ലൈബ്രറി എന്നീ വിഭാഗങ്ങളിലെ പുസ്തകങ്ങൾ ധാരാളം പേർ റഫറൻസിനായി ഉപയോഗപ്പെടുത്തുന്നു. അക്കാദമി ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾക്കായി ഒരു പ്രത്യേകശേഖരമുണ്ട്. ഓരോ വിഭാഗവും പ്രത്യേകം ക്ലാസിഫൈ ചെയ്ത് ക്രമീകരിച്ചിരിക്കുകയാണ്. 13 ദിനപത്രങ്ങളും 177 ആനുകാലികപ്രസിദ്ധീകരണങ്ങളും അക്കാദമി ലൈബ്രറിയിൽ വരുന്നുണ്ട്.

അക്കാദമിയുടെ ആർക്കൈവ്സിൽ 1950-ന് മുൻപ് പ്രസിദ്ധീകരിച്ച മലയാള പുസ്തകങ്ങൾ മൈക്രോഫിലിമായി സൂക്ഷിച്ചിരിക്കുന്ന മൈക്രോഫിലിം ലൈബ്രറി, സാംസ്കാരികനായകൻമാരുടെ ശബ്ദം റെക്കോഡ് ചെയ്ത് 740 ഓഡിയോ കാസറ്റുകളിലായി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവ ഉണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവൻ ഡിജിറ്റൽ ഫോമുകളിലാക്കി സി.ഡി.കളിൽ സൂക്ഷിച്ചിരിക്കുന്നു. 603 വീഡിയോ സി.ഡി.കളും 20 ഫോട്ടോ ഡി.വി.ഡി.കളും ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്നു. താളിയോലഗ്രന്ഥങ്ങളുടെ ഒരപൂർവശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനോടൊപ്പം ഇതിന്റെ വിവരണാത്മകഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്. ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വ രേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രൊജക്ട് വഴി നടപ്പാക്കികൊണ്ടിരിക്കുന്നു.

കേരള സാഹിത്യ അക്കാദമി, ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിങ്ങ് സെന്റർ ആയി മാനവവിഭവവികസനവകുപ്പ് അംഗീകരിച്ചു. ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള ട്രെയിനിങ്ങ് നടത്തുന്നു. രണ്ടു പേർ ട്രെയിനികളായി ജോലി ചെയ്തുവരുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും ദിവസേന വർദ്ധിക്കുന്നു. ലൈബ്രറിയുടെ സ്ഥലപരിമിതി കണക്കിലെടുത്ത് ഡിജിറ്റൽ ലൈബ്രറിക്കായി എല്ലാ ആധുനികസജ്ജീകരണങ്ങളോടും കൂടിയ സുവർണ്ണ ജൂബിലി മന്ദിരത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. ഡിജിറ്റൽ ലാബ്, സുവർണ്ണജൂബിലി മന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചു.

# ആനുകാലികപ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം (മാസിക), സാഹിത്യലോകം (ദ്വൈമാസിക), മലയാളം ലിറ്ററി സർവേ (ഇംഗ്ലീഷ് ത്രൈമാസിക) എന്നിവയാണ് അക്കാദമിയുടെ ആനുകാലികപ്രസിദ്ധീകരണങ്ങൾ.

**സാഹിത്യചക്രവാളം**

സാഹിത്യചക്രവാളം മാസികയിൽ സാഹിത്യരംഗത്തെ വാർത്തകളും അവാർഡുകളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തുന്നുണ്ട്. ഓരോ മാസത്തെയും ആനുകാലികപ്രസിദ്ധീകരണങ്ങളിൽ വരുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവയുടെ വിലയിരുത്തലും അവലോകനങ്ങളും ഉൾപ്പെടുത്തുന്നു. പ്രശസ്തരായ എഴുത്താരുടെ രചനാനുഭവങ്ങളെ ആസ്പദമാക്കി *ആദ്യകാലചുവടുകൾ* എന്ന പംക്തി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുസ്തകപരിചയം, ഓർമ്മ, പഴയ താളുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു.

**സാഹിത്യലോകം**

1970–ൽ ആരംഭിച്ചു. മലയാളത്തിലെയും മറ്റു ഭാരതീയഭാഷകളിലെയും വിദേശഭാഷകളിലെയും സാഹിത്യത്തെക്കുറിച്ചുള്ള ഗവേഷണപഠനങ്ങൾ പ്രസിദ്ധീകരിക്കുന്ന *സാഹിത്യലോകം* ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സാഹിത്യതല്പരർക്കും ഏറെ പ്രയോജനപ്പെടുന്നുണ്ട്. പ്രത്യേകവിഷയങ്ങളെ ആസ്പദമാക്കി ഇറക്കുന്ന ലക്കങ്ങൾ ഏറെ ശ്രദ്ധേയമാണ്. സാഹിത്യലോകം ദ്വൈമാസികയുടെ 2012 നവംബർ–ഡിസംബർ വരെയുള്ള ലക്കങ്ങൾ പ്രസിദ്ധീകരിച്ചു.

**മലയാളം ലിറ്ററി സർവ്വേ**

മലയാളഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും കുറിച്ച് മറ്റു ഭാഷകളിലുള്ളവർക്ക് അടിസ്ഥാനപരവും ആധികാരികവുമായ വിവരങ്ങൾ നൽകുന്ന ഇംഗ്ലീഷ് ത്രൈമാസികയാണിത്. 1976–ലാണ് ഇത് ആരംഭിച്ചത്.

**സാംസ്കാരികഡയറി**

മികവുറ്റ ഉള്ളടക്കത്തോടുകൂടിയാണ് ഈ വർഷത്തെ ഡയറി പ്രസിദ്ധീകരിച്ചത്. സാംസ്കാരികസ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, ഓരോ മാസത്തിന്റെ ആരംഭത്തിലും ഓർമ്മസൂചി, ഓരോ ദിവസത്തെയും ചൈതന്യവത്താക്കുന്ന മഹത്വചനങ്ങൾ എന്നിവയും ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നോബൽപ്രൈസും ഇന്ത്യയിലെ പ്രമുഖ അവാർഡുകളും ഇതിൽനിന്നും ലഭ്യമാണ്. അക്കാദമിയുടെ നിർവ്വാഹകസമിതി–ജനറൽ കൗൺസിൽ അംഗങ്ങൾ, വിശിഷ്ടാംഗങ്ങൾ തുടങ്ങിയവരുടെ വിലാസവും

ഫോൺ നമ്പറും ഇതിൽ ചേർത്തിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി, പ്രദേശിക അക്കാദമികൾ, മന്ത്രിമാർ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്

## അപ്പൻതമ്പുരാൻ സ്മാരകം

കൈരളീവിധേയൻ രാമവർമ്മ അപ്പൻതമ്പുരാന്റെ ദീപ്തസ്മരണകൾ നിറഞ്ഞ അയ്യന്തോളിലെ അപ്പൻതമ്പുരാൻ സ്മാരകം സാഹിത്യകാര മ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. അദ്ദേഹത്തിന്റെ കൃതികൾ, ഫോട്ടോശേഖരം, കേരളചരിത്രനിർമ്മാണത്തിനായി സ്വയം വരച്ച മാപ്പുകൾ, അവ വരയ്ക്കാൻ ഉപയോഗിച്ച പെന്റോഗ്രാഫ് (സ്വയം നിർമ്മിതം) രാജകീയ ഉടുപ്പുകൾ, അദ്ദേഹം വരച്ച തന്റെ *ഭൂതരായർ* എന്ന നോവലിലെ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ, ഡയറി, ശേഖരിച്ച പഴഞ്ചൊല്ലുകൾ എന്നിവ ഇവിടെ സാംസ്കാരികത്തനിമ നിലനിർത്തിക്കൊണ്ടു തന്നെ സൂക്ഷിച്ചുവരുന്നു. ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻതരകൻ, ജി.കുമാരപിള്ള, വിലാസിനി, മാധവിക്കുട്ടി എന്നിവരുടെ സ്മാരകവസ്തുക്കളും ഇവിടെ സൂക്ഷിക്കുന്നുണ്ട്. മൺമറഞ്ഞ പ്രഗത്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സുക്ഷിച്ചുവെക്കുന്ന ജോലിയും തുടർന്നുവരുന്നു.

ഈ വർഷം 211 പേർ മ്യൂസിയം സന്ദർശിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകഡയറിയിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

ഇവിടെയുള്ള മാസികാശേഖരങ്ങളും പുസ്തകശേഖരങ്ങളും സാഹിത്യാസ്വാദകരായ സുമനസ്സുകളുടെ സംഭാവനയാണ്. മൺമറഞ്ഞ ആദ്യകാലമാസികകളായ സാഹിത്യനാദകാഹളം, വിദ്യാവിനോദിനി, രസികരഞ്ജിനി, ഭാഷാപോഷിണി, ഉണ്ണിനമ്പൂതിരി, മംഗളോദയം, ലക്ഷ്മീഭായി എന്നിവ ഉൾപ്പെടെ മലയാളത്തിൽ ഇന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഒട്ടുമിക്ക ആനുകാലികങ്ങളും ഇവിടെ ശേഖരിച്ചു സൂക്ഷിച്ചുവരുന്നു. കൂടാതെ വിശേഷാൽപതിപ്പുകൾ, സ്മരണികകൾ, കേരള ഗസറ്റുകൾ എന്നിവയുടെ ശേഖരവുമുണ്ട്. ഇപ്പോൾ മാസികാശേഖരത്തിൽ 8553 ബൗണ്ട് വോള്യം മാസികകൾ ഉണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ ശേഖരം, സക്കറിയ ശേഖരം, ജി.കുമാരപിള്ള ശേഖരം തുടങ്ങിയവയിലെല്ലാമായി 1600-ലധികം ബോണ്ട് വോള്യം മാസികകൾ വേറെയുമുണ്ട്.

ആറ്റൂർ കൃഷ്ണപിഷാരോടി, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, മുണ്ടശ്ശേരി, വടക്കേ കുറപ്പത്ത് കുഞ്ഞൻമേനോൻ, വടക്കേ ഇളമന ഹരി, ടി.എം.ചുമ്മാർ, കുറ്റിപ്പുഴ, പുത്തൻകാവ് മാത്തൻതരകൻ, പി.എ. മേനോൻ, ജി.കുമാരപിള്ള, സി.എൽ.ആന്റണി എന്നീ മഹദ്വ്യക്തികളുടെ സംഭാവനകളാണ് ഇവിടത്തെ പുസ്തകശേഖരം. ഇത് ഏകദേശം

(15,000) പതിനയ്യായിരം വരും.

ആദ്യകാല മാസികകളായ പ്രബോധകൻ, സഹോദരൻ, മിതവാദി, ശാരദ, മുസ്ലിംമഹിള, വനിതാരത്നം തുടങ്ങിയവയുടെ ഇവിടെയുള്ള ലക്കങ്ങൾ ഫോട്ടോ കോപ്പിയെടുത്തുവെച്ചിട്ടുണ്ട്. കാലപ്പഴക്കംകൊണ്ട് ശോച്യാവസ്ഥയിലായ മാസികകൾ തെരഞ്ഞെടുത്ത് ഫോട്ടോകോപ്പി എടുത്തുവെയ്ക്കുന്നുമുണ്ട്. പ്രസ്തുത വർഷം 658 പേർ ഈ ഗ്രന്ഥശേഖരം റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില്പനയും അപ്പൻതമ്പുരാനെക്കുറിച്ചുള്ള സി.ഡി. യുടെ വില്പനയും തുടർന്നുവരുന്നു.

ആദ്യകാലമാസികകളായ രസികരഞ്ജിനി, മംഗളോദയം, ലക്ഷ്മീഭായി, രാജർഷി, സാഹിത്യപരിഷത്ത്, ഉണ്ണിനമ്പൂതിരി, വിവേകോദയം, വിദ്യാവിനോദിനി, ആത്മപോഷിണി, കൈരളി, ജയകേരളം, കേരളധർമ്മം തുടങ്ങി ഇരുപത്തിനാലോളം മാസികകളുടെ ഇവിടെയുള്ള ലക്കങ്ങളുടെ സ്കാനിംഗ് കഴിയുകയും ഡിജിറ്റൽ വർക്കുകൾ തുടർന്നുവരികയും ചെയ്യുന്നു.

രാമവർമ്മ അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19-ന് സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും അനുസ്മരണസമ്മേളനം കൂടുകയും ഉണ്ടായി.

## ഭരണപരമായ കാര്യങ്ങൾ

നടപ്പുസാമ്പത്തികവർഷത്തിൽ 22.3.2012ലെ. സാ.ഉ.(സാധാ)നമ്പർ 171/12/സിഎഡി പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട ജനറൽ കൗൺസിലിന്റെ മൂന്നു യോഗങ്ങളും നിർവ്വാഹകസമിതിയുടെ ആറ് യോഗങ്ങളും ചേർന്നിട്ടുണ്ട്.

27.12.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 616/12/സിഎഡി പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചു.

1. ശ്രീ. പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്)
2. ശ്രീ. അക്ബർ കക്കട്ടിൽ (വൈസ് പ്രസിഡണ്ട്)
3. ശ്രീ. ആർ. ഗോപാലകൃഷ്ണൻ (സെക്രട്ടറി)
4. ശ്രീ. ജോസ് പനച്ചിപ്പുറം, കോട്ടയം
5. പ്രൊഫ.ഡി.ബെഞ്ചമിൻ, തിരുവനന്തപുരം
6. ഡോ. ഷൊർണൂർ കാർത്തികേയൻ, തൃശൂർ
7. ശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, തൃശൂർ
8. ഡോ.സന്തോഷ് ജെ.കെ.വി., ചങ്ങനാശ്ശേരി

9. ശ്രീ. ഇബ്രാഹിം ബേവിഞ്ച, കാസറഗോഡ്
10. ശ്രീ. എം.ഡി.രാജേന്ദ്രൻ, തൃശൂർ
11. ശ്രീമതി വിജയലക്ഷ്മി, എറണാകുളം
12. ശ്രീ. പി.കെ.പാറക്കടവ്, കോഴിക്കോട്
13. ശ്രീ. ജോൺ സാമുവൽ, തിരുവനന്തപുരം
14. ശ്രീ. അജിതൻ മേനോത്ത്, തൃശൂർ
15. ശ്രീ. ജെന്നിംഗ്സ് ജേക്കബ്, മാവേലിക്കര
16. ശ്രീ. വാണിദാസ് എളയാവൂർ, കണ്ണൂർ
17. ശ്രീമതി ഇന്ദുമേനോൻ, കോഴിക്കോട്
18. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികവകുപ്പ്
19. ജില്ലാ കളക്ടർ, തൃശൂർ (ട്രഷറർ)

മേൽപ്പറഞ്ഞവർക്ക് പുറമെ താഴെപ്പറയുന്നവരെ കൂടി ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തി.

1. ശ്രീ. മീനമ്പലം സന്തോഷ്, തിരുവനന്തപുരം
   പ്രതിനിധി, കേരള സംഗീതനാടക അക്കാദമി, തൃശൂർ
2. ശ്രീ. ആർ.കെ.രമേഷ്, കോഴിക്കോട്
   പ്രതിനിധി, കേരള ലളിതകലാ അക്കാദമി തൃശൂർ
3. ഫാദർ വി.പി.ജോസഫ് വലിയവീട്ടിൽ, ആലപ്പുഴ
   പ്രതിനിധി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ
4. ശ്രീ. അനിൽ പനച്ചൂരാൻ, കായംകുളം
   പ്രതിനിധി, വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം

ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 10 (8) പ്രകാരം താഴെപ്പറയുന്നവരെ കൂടി ജനറൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുത്തു.

1. ശ്രീ. കൈനകരി ഷാജി, കോട്ടയം
2. ശ്രീ. ജോർജ്ജ് ജോസഫ് കെ., കൊച്ചി
3. ശ്രീമതി രാജരാജേശ്വരി, തിരുവനന്തപുരം
4. ശ്രീ. ബേബി തോമസ്, തിരുവനന്തപുരം
5. ശ്രീമതി ചന്ദ്രമതി, തിരുവനന്തപുരം
6. ശ്രീ. അയ്മനം ജോൺ കോട്ടയം
7. ഡോ.റോസി തമ്പി, തൃശൂർ
8. പ്രൊഫ. കല്പറ്റ നാരായണൻ, കൊയിലാണ്ടി, കോഴിക്കോട്
9. ശ്രീ. പാലോട് വാസുദേവൻ, തിരുവനന്തപുരം
10. ശ്രീമതി ആർ.ലോപ, ഹരിപ്പാട്, ആലപ്പുഴ

പുനഃസംഘടിപ്പിക്കപ്പെട്ട ജനറൽ കൗൺസിലിന്റെ രണ്ടു യോഗങ്ങളും നിർവ്വാഹകസമിതിയുടെ രണ്ട് യോഗങ്ങളും ടി. സാമ്പത്തികവർഷത്തിൽ നടന്നിട്ടുണ്ട്.

# കേരള സാഹിത്യ അക്കാദമി

## വരവ് - ചെലവ് സറ്റേറ്റ്മെന്റ് 2012-13

| | തുക |
|---|---|
| മുന്നിരിപ്പ് | 2,13,22,148.36 |

## വരവ്

| | | |
|---|---|---|
| 1. | മലയാളം ലിറ്ററി സർവ്വേ | 20,405.00 |
| 2. | സാഹിത്യലോകം | 40,492.00 |
| 3. | സാഹിത്യചക്രവാളം | 18,090.00 |
| 4. | കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 22,99,518.00 |
| 5. | മലയാളഭാഷ പരിഷ്ക്കരണ കമ്മിറ്റി ,, | 2,687.00 |
| 6. | ഓഡിറ്റ് റിക്കവറി | 1,355.00 |
| 7. | അഡ്വാൻസ് റീഫണ്ട് | 2,02,600.00 |
| 8. | അധികം കൊടുത്തത് തിരിച്ചടച്ചത് | 37,016.00 |
| 9. | പോസ്റ്റേജ് | 7,258.00 |
| 10. | സാംസ്കാരിക ഡയറി വിൽപ്പന | 28,955.00 |
| 11. | ഇൻകം ടാക്സ് - ടി.ഡി.എസ്. | 3,27,008.00 |
| 12. | ഫോട്ടോകോപ്പി | 67,951.00 |
| .13. | പെൻഷൻ | 31,18,010.00 |
| 14. | കൈരളി ഗ്രാമം | 5,000.00 |
| 15. | ലൈബ്രറി ഫീസ് | 24,100.00 |
| 16. | ഓഡിറ്റോറിയം വാടക | 4,00,500.00 |
| 17. | വൈലോപ്പിള്ളി ഹാൾ വാടക | 69,420.00 |
| 18. | ബഷീർവേദി വാടക | 17,100.00 |
| 19. | ചങ്ങമ്പുഴ മന്ദിരം വാടക | 1,41,920.00 |
| 20. | ഫോട്ടോകോപ്പിയർ എക്സ്ചേഞ്ച് | 4,000.00 |
| 21. | സാംസ്കാരിക ഡയറി പരസ്യം | 47,000.00 |
| 22. | പി.എഫ്.ലോൺ റീഫണ്ട് | 8,000.00 |
| 23. | പഴയ യു പി എസ് വിറ്റത് | 1,500.00 |
| 24. | സിനിമ ഷൂട്ടിംഗ് | 5,000.00 |
| 25. | സുകുമാർ അഴീക്കോട് ചികിത്സാസഹായം | 10,353.00 |
| 26. | വിവരാവകാശനിയമം | 256.00 |
| 27. | പഴയ മരം ലേലം | 3,600.00 |
| 28. | വാറ്റ് (സെസ്സ്) | 180.00 |
| 29. | എസ്.സി.ആർ.ടി യിൽനിന്നും പ്രതിഫലം | 9,000.00 |
| 30. | പുസ്തക ഏജൻസി ഡെപ്പോസിറ്റ് | 20,000.00 |

| | | |
|---|---|---|
| 31. വിദ്യാഭ്യാസനിധി | | 4,838.00 |
| 32. അപ്രന്റീസ് സ്റ്റൈപ്പന്റ് റീഫണ്ട് | | 10,680.00 |
| 33. ഇന്ററാക്റ്റീവ് സിഡി വിൽപ്പന | | 6,788.00 |
| 34. ദേശീയപുസ്തകോത്സവം | | 6,56,350.00 |
| 35. വിശ്വമലയാള മഹോത്സവം | | 9,57,500.00 |
| 36. മറ്റു പ്രസാധകരുടെ പുസ്തകവിൽപ്പന വിറ്റുവരവ് | | 6,09,802.00 |
| 37. ഗീതാഹിരണ്യൻ എൻഡോവ്മെന്റ് | | 23,250.00 |
| 38. കെ.ആർ.നമ്പൂതിരി അവാർഡ് | | 2,000.00 |
| 39. ഐ.സി.ചാക്കോ ,, | | 10,000.00 |
| 40. ജി.എൻ.പിള്ള ,, | | 3,000.00 |
| 41. കനകശ്രീ ,, | | 2,000.00 |
| 42. സി.ബി.കുമാർ ,, | | 3,000.00 |
| 43. അപ്പൻതമ്പുരാൻ സ്മാരകത്തിൽനിന്ന് വരവ് | | 2,99,656 |
| 44. മലയാളം ശ്രേഷ്ഠഭാഷ | | 2,100.00 |
| 45. സാഹിത്യചക്രവാളം | | 500.00 |
| 46. പലിശ (ടി.പി.എ 630, 225,എസ്.ബി.ടി.) | | 4,18,790.00 |
| **സർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റ്** | | |
| പദ്ധതിയേതര പ്രവർത്തനം | 79,86,000.00 | |
| പദ്ധതിപ്രവർത്തനം | 1,75,00,000.00 | |
| അപ്പൻ തമ്പുരാൻ സ്മാരക ഗ്രാന്റ് | 1,00,000.00 | |
| എഴുത്തച്ഛൻ പുരസ്കാരം | 1,50,000.00 | |
| വിശ്വമലയാള മഹോത്സവം | 2,00,00,000.00 | |
| കമല സുറയ്യ സമുച്ചയം | 15,00,000.00 | |
| ഇടശ്ശേരി സ്മാരകം കുറ്റിപ്പുറം | 25,00,000.00 | 4,97,36,000.00 |
| | | **8,10,06,676.36** |

## ചെലവ്

### I പദ്ധതിയേതര ചെലവ്

#### (എ)എസ്റ്റാബ്ലിഷ്മെന്റ്

| | |
|---|---|
| 1. ശമ്പളവും അലവൻസും | 72,54,489.00 |
| 2. മെമ്പർമാരുടെ യാത്രാബത്ത | 3,39,419.00 |
| 3. സ്റ്റാഫിന്റെ യാത്രാബത്ത | 1,38,716.00 |
| 4. പിരിഞ്ഞുപോയ ജീവനക്കാരുടെ കുടിശ്ശിക | 2,34,015.00 |
| 5. കണ്ണട റീ ഇംപേഴ്സ്മെന്റ് | 5,000.00 |
| | **79,71,639.00** |

#### (ബി) കണ്ടിജൻസി (അത്യാവശ്യചെലവുകൾ)

| | |
|---|---|
| 6. ഓഫീസ് ചെലവുകൾ | 1,45,646.00 |
| 7. തപാൽ കൂലി | 2,18,463.00 |
| 8. യോഗച്ചെലവുകൾ | 43,885.00 |

| | | |
|---|---|---|
| 9. ടെലഫോൺ | | 91,205.00 |
| 10. വാൻ മെയിന്റനൻസ് | | |
| ഡീസൽ | 1,56,168.00 | |
| റിപ്പയർ | 89,497.00 | |
| ഇൻഷുറൻസ് | 13,365.00 | |
| ടാക്സ് | 6,820.00 | 2,65,850.00 |
| 11. സ്റ്റേഷനറി & പ്രിന്റിംഗ് | | 73,806.00 |
| 12. വൈദ്യുതി ചാർജ് | | 4,60,078.00 |
| 13. ഓഡിറ്റ് ഫീസ് | | 46,406.00 |
| 14. കാർ വാടക | | 4,28,231.00 |
| 15. പ്രസിഡണ്ടിനുള്ള ഓണറേറിയം | | 60,000.00 |
| 16. ദിവസ/കരാർ ജീവനക്കാരുടെ വേതനം | | 10,29,375.00 |
| 17. പ്രൊഫഷണൽ ടാക്സ് – ഷോറൂം | | 180.00 |
| | | **28,63,125.00** |
| **(സി) സാധാരണപ്രവർത്തനങ്ങൾ :-** | | |
| 18. അക്കാദമി വാർഷികം | | 4,65,108.00 |
| 19. ഫെല്ലോഷിപ്പ് | | 2,03,800.00 |
| 20. അവാർഡുപുസ്തകപരിശോധന പ്രതിഫലം | | 1,32,000.00 |
| 21. അക്കാദമി അവാർഡ് | | 2,75,000.00 |
| 22. സമഗ്രസംഭാവന അവാർഡ് | | 1,20,000.00 |
| | | **11,95,908.00** |

| | |
|---|---|
| (എ) എസ്റ്റാബ്ലിഷ്മെന്റ് | 79,71,639.00 |
| (ബി) കണ്ടിജൻസി (അത്യാവശ്യ ചെലവുകൾ) | 28,63,125.00 |
| (സി)സാധാരണ പ്രവർത്തനങ്ങൾ | 11,95,908.00 |
| ആകെ പദ്ധതിയേതര ചെലവ് | **1,20,30,672.00** |

| | |
|---|---|
| 1. പദ്ധതിയേതരചെലവ് | 1,20,30,672.00 |
| 2. പദ്ധതിപ്രവർത്തനചെലവുകൾ | 1,75,00,018.00 |
| 3. പുസ്തകപ്രദർശനങ്ങൾ | 2,88,558.00 |
| 4. എഴുത്തച്ഛൻ പുരസ്കാരം | 1,50,000.00 |
| 5. ഹാൾ വാടക മടക്കി കൊടുത്തത് | 13,600.00 |
| 6. പെൻഷൻ | 31,18,010.00 |
| 7. സെക്യൂരിറ്റി വേതനം | 1,04,000.00 |
| 8. വിദ്യാഭ്യാസനിധി | 4,838.00 |
| 9. കമലാ സുറയ്യ സാംസ്കാരികസമുച്ചയം | 10,00,000.00 |
| 10. വിശ്വമലയാള മഹോത്സവം | 1,47,52,309.00 |
| 11. ക്ഷേമനിധി – സുവർണ്ണജൂബിലി മന്ദിരം | 1,80,000.00 |
| 12. വാറ്റ് (സെസ്സ്) | 5,45,580.00 |
| 13. സുകുമാർ അഴിക്കോടിന് ചികിത്സാസഹായം | 10,353.00 |

| | | |
|---|---|---|
| 14. വിവിധ എൻഡോവ്മെന്റ് അവാർഡുകൾ | | |
| ഐ.സി.ചാക്കോ അവാർഡ് | 5,000.00 | |
| ഗീതാഹിരണ്യൻ എൻഡോവ്മെന്റ് | 5,000.00 | |
| ജി.എൻ.പിള്ള അവാർഡ് | 3,000.00 | |
| സി.ബി.കുമാർ അവാർഡ് | 3,000.00 | |
| കനകശ്രീ അവാർഡ് | 2,000.00 | |
| കെ.ആർ.നമ്പൂതിരി അവാർഡ് | 2,000.00 | 20,000,00 |
| 15. ഇൻകം ടാക്സ് | | 3,19,439.00 |
| 16. മറ്റു പ്രസാധകരുടെ പുസ്തക വിൽപ്പനതുക കൊടുത്തത് | | 1,23,782.00 |
| 17. അപ്പൻതമ്പുരാൻ സ്മാരക ഗ്രാന്റ് | | 1,00,000.00 |
| 18. അപ്പൻതമ്പുരാൻ ചെലവിലേക്ക് മാറ്റിയത് | | 7,66,956.00 |
| 19. ബാങ്ക് ചാർജ്ജ് | | 8,214.00 |
| 20. ഇൻകം ടാക്സ് (ടി.പി.എ 630) | | 27,385.00 |
| | | 5,10,63,714.36 |
| നീക്കിയിരിപ്പ് | | 2,99,42,962.00 |
| ആകെ | | **8,10,06,676.36** |